വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# മാരുതി സുസുകി വാഹനങ്ങളുടെ വില കുറച്ചു



**ന്യൂഡൽഹി:** മാരുതി സുസുകി വാഹനങ്ങളുടെ വില 1,29,600 രൂപ വരെ കുറച്ചു. തീരുമാനം സെപ്റ്റംബർ 22 മുതൽ പ്രാബല്യത്തിൽ. ജിഎസ്ടി നിരക്ക് കുറച്ചതിന്റെ ആനുകൂല്യം ഉപയോക്താക്കളിലേക്ക് നേരിട്ട് എത്തിക്കുന്നതിന്റെ ഭാഗമായാണ് ഈ നടപടി.

ഇരുചക്രവാഹന ഉപയോക്താക്കൾക്ക് താങ്ങാനാവുന്ന വിലയിൽ കാറുകൾ ലഭ്യമാക്കുന്നതിനായി ചെറിയ കാറുകളുടെ വിലയിൽ ജിഎസ്ടി ആനുകൂല്യത്തിന് പുറമേ 8.5% അധിക ഇളവും പ്രഖ്യാപിച്ചിട്ടുണ്ട്. രാജ്യത്തെ ഏറ്റവും വലിയ കാർ നിർമാതാക്കളാണ് മാരുതി. ഇന്ത്യൻ പാസഞ്ചർ വാഹന വ്യവസായത്തിന് കൂടുതൽ ഉത്തേജനം നൽകുന്നതിനായി എൻട്രിലെവൽ കാറുകളുടെ വിലയിലും കുറവ് വരുത്തിയെന്ന് കമ്പനി അറിയിച്ചു.

മാരുതി പുറത്തിറക്കിയ പ്രസ്താവന പ്രകാരം, എസ്പ്രസ്സോയുടെ വില 1,29,600 രൂപ വരെയും, ആൾട്ടോ കെ10ന്റെ വില 1,07,600 രൂപ വരെയും, സെലെറിയോയുടെ വില 94,100 രൂപ വരെയും, വാഗണറിന് 79,600 രൂപ വരെയും, ഇഗ്നിസിന് 71,300 രൂപ വരെയും കുറയും.

പ്രീമിയം ഹാച്ച്ബാക്കായ സ്വിഫ്റ്റിന്റെ വില 84,600 രൂപ വരെയും, ബലേനോയുടെ വില 86,100 രൂപ വരെയും, ടൂർ എസ്ന് 67,200 രൂപ വരെയും, ഡിസയറിന് 87,700 രൂപ വരെയും, ഫ്രോങ്സിന് 1,12,600 രൂപ വരെയും, ബ്രെസക്ക് 1,12,700 രൂപ വരെയും, ഗ്രാൻഡ് വിറ്റാരക്ക് 1.07 ലക്ഷം രൂപ വരെയും, ജിംനിക്ക് 51,900 രൂപ വരെയും, എർട്ടിഗക്ക് 46,400 രൂപ വരെയും, എക്സ്എൽ6ന് 52,000 രൂപ വരെയും കുറവുണ്ടാകും.

ഇൻവിക്റ്റോയുടെ വില 61,700 രൂപ വരെയും, ഈക്കോക്ക് 68,000 രൂപ വരെയും, സൂപ്പർ കാരി എൽസിവിക്ക് 52,100 രൂപ വരെയും കുറയുമെന്ന് കമ്പനി അറിയിച്ചു.

## 1.94 ലക്ഷം കോടിയുടെ കരാർ, അടുത്ത വർഷം ഒപ്പിടും

# മെയ്ഡ് ഇൻ ഇന്ത്യ റഫാൽ യാഥാർഥ്യമാകുന്നു



**ന്യൂഡൽഹി:** ഫ്രാൻസിൽ നിന്ന് 114 റഫാൽ യുദ്ധവിമാനങ്ങൾ വാങ്ങാനുള്ള തീരുമാനവുമായി ഇന്ത്യ മുന്നോട്ട്. യുദ്ധവിമാനങ്ങൾ വാങ്ങാനുള്ള കരാർ അടുത്ത വർഷം ഒപ്പിട്ടേക്കുമെന്നാണ് റിപ്പോർട്ടുകൾ. ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ നടക്കുന്നുവെന്ന് റിപ്പോർട്ട്. യുദ്ധവിമാനങ്ങളുടെ എണ്ണം കുത്തനെ കുറഞ്ഞ് സ്ക്വാഡ്രൺ ശേഷി കുറയുന്നത് പരിഗണിച്ച് സേനയെ നവീകരിക്കുന്നതിന്റെ ഭാഗമായാണ് കരാർ. ഏതാണ്ട് 2200 കോടി ഡോളർ (ഏകദേശം 1.94 ലക്ഷം കോടി രൂപ) വരുന്ന പ്രതിരോധ ഇടപാടിനാണ് കളമൊരുങ്ങുന്നത്.

കുറച്ച് റഫാൽ ഫ്രാൻസിൽ നിന്ന് നിർമിച്ച് വാങ്ങിയതിന് ശേഷം ബാക്കിയുള്ളവ ഇന്ത്യയിൽ തന്നെ നിർമിക്കുന്ന രീതിക്കാണ് ഇന്ത്യ ശ്രമിക്കുന്നതെന്നാണ് റിപ്പോർട്ടുകൾ. ഇതുപ്രകാരം ഫ്രാൻസിൽ നിന്ന് നേരിട്ട് 18 റഫാൽ വിമാനങ്ങൾ വാങ്ങും. ശേഷിക്കുന്ന 96 വിമാനങ്ങൾ ഇന്ത്യയിൽ നിർമിക്കും. റഫാൽ നിർമാതാക്കളായ ദസ്സോ ഏവിയേഷനും ഇന്ത്യയിലെ റിലയൻസ് ഗ്രൂപ്പും ഒരുമിച്ച സംയുക്ത കമ്പനിയായ ദസ്സോ റിലയൻസ് എയ്റോസ്പേസ് ലിമിറ്റഡിന്റെ (ഡിആർഎഎൽ) നാഗ്പുരിലെ പ്ലാന്റിലാകും 96 റഫാലുകൾ നിർമിക്കുകയെന്നാണ് റിപ്പോർട്ടുകൾ.

ഇന്ത്യ, ഫ്രാൻസ് സർക്കാരുകൾ തമ്മിലുള്ള 2016ലെ കരാർ പ്രകാരം 36 റഫാൽ യുദ്ധവിമാനങ്ങൾ ഫ്രാൻസിൽ നിന്ന് നേരിട്ട് ഇന്ത്യ വാങ്ങിയിരുന്നു. ഇവ ഹരിയാനയിലെ അംബാല, പശ്ചിമബംഗാളിലെ ഹസിമാര എന്നീ വ്യോമതാവളങ്ങളിലാണ് വിന്യസിച്ചിരിക്കുന്നത്.

4.5 ജനറേഷൻ യുദ്ധവിമാനമായ റഫാൽ ഓപ്പറേഷൻ സിന്ദൂർ അടക്കമുള്ള സൈനിക ദൗത്യങ്ങളിൽ പങ്കാളിയായിരുന്നു.

യുദ്ധവിമാനത്തിന്റെ കാര്യക്ഷമത സേനയ്ക്ക് ബോധ്യപ്പെടുകയും ചെയ്തു. പുതിയ കരാർ യാഥാർഥ്യമായാൽ വ്യോമസേനയുടെ പക്കലുള്ള റഫാലുകളുടെ എണ്ണം 150 ആയി ഉയരും. ഇതിന് പുറമെ നാവികസേനയുടെ പക്കലുള്ള വിമാനവാഹിനിയിൽ വിന്യസിക്കാനായി 26 റഫാൽ എം യുദ്ധവിമാനങ്ങൾക്കും ഇന്ത്യ ഓർഡർ നൽകിയിട്ടുണ്ട്.

# നോർക്ക റൂട്ട്സും ജർമ്മൻ സർക്കാർ ഏജൻസിയും ധാരണാപത്രം ഒപ്പിട്ടു

## നേഴ്സിംങ് സർട്ടിഫിക്കേഷൻ പരിശീലനത്തിനും ധാരണ



തിരുവനന്തപുരം: കേരളത്തിൽ നിന്നുള്ള പ്രൊഫഷണലുകളെ ജർമ്മനിയിലെയും ജർമ്മൻ ഭാഷ സംസാരിക്കുന്ന രാജ്യങ്ങളിലെയും ആരോഗ്യമേഖലയിലേയ്ക്ക് റിക്രൂട്ട് ചെയ്യുന്നതിനായുള്ള ധാരണാപത്രം ഒപ്പിട്ടു. സംസ്ഥാന സർക്കാർ സ്ഥാപനമായ നോർക്ക റൂട്ട്സും ജർമ്മൻ സർക്കാർ ഏജൻസിയായ ജർമ്മൻ ഏജൻസി ഫോർ ഇന്റർനാഷണൽ ഹെൽത്ത്കെയർ പ്രൊഫഷണൽസും(ഡെഫ) തമ്മിലാണ് ധാരണാപത്രം. നോർക്ക റൂട്ട്സിനു വേണ്ടി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കോളശ്ശേരിയും ഡെഫയ്ക്കു വേണ്ടി ചീഫ് ലീഗൽ ഓഫീസർ ആന്യ എലിസബത്ത് വീസനുമാണ് ധാരണാപത്രം കൈമാറിയത്. ഇന്ത്യയിൽ നിന്നുള്ള നേഴ്സുമാർ ഉയർന്ന തൊഴിൽ വൈദഗ്ധ്യം പുലർത്തുന്നവരാണെന്നും കൂടുതൽ പേരെ റിക്രൂട്ട് ചെയ്യുന്നതിന് സന്തോഷമുണ്ടെന്നും ചടങ്ങിൽ ആന്യ എലിസബത്ത് വീസൺ പറഞ്ഞു. ആദ്യഘട്ടത്തിൽ 250 നഴ്സുമാരെ റിക്രൂട്ട് ചെയ്യാനാണ് തീരുമാനം. തിരഞ്ഞെടുക്കപ്പെടുന്നവരിൽ ജർമ്മൻ ഭാഷാ യോഗ്യതയായ ബീടു വരെയുള്ള പരിശീലനം സൗജന്യമായി ലഭ്യമാക്കും. ഇതോടൊപ്പം നഴ്സിംങ് സർട്ടിഫിക്കേഷൻ പരിശീലനവും നൽകും. ഇത് ജർമ്മനിയിലെത്തിയ ശേഷമുള്ള തൊഴിൽ സുരക്ഷിതത്വത്തിന് സഹായകരമാകും. തിരുവനന്തപുരം നോർക്ക സെന്ററിൽ നടന്ന ചടങ്ങിൽ ഡെഫ ഇന്ത്യ ആന്റ് സൗത്ത് ഈസ്റ്റ് ഏഷ്യ ഡയറക്ടർ അനൂപ് അച്യുതൻ, പ്രതിനിധികളായ ലുവാന ക്രാമർ, എഡ്ന മുലിറോ, ബിന്ദു പ്രശാന്ത്, സന്ധ്യ എന്നിവരും നോർക്ക റൂട്ട്സ് റിക്രൂട്ട്മെന്റ് മാനേജർ പി. പ്രകാശ് ജോസഫ്, അസിസ്റ്റന്റ് മാനേജർ എസ്. സാനു കുമാർ, റിക്രൂട്ട്മെന്റ് വിഭാഗം പ്രതിനിധികൾ എന്നിവർ സംബന്ധിച്ചു. നിലവിൽ ജർമ്മനിയിലേയ്ക്കുള്ള നോർക്ക റൂട്ട്സ് ട്രിപ്പിൾ വിൻ, ട്രിപ്പിൾ വിൻ ട്രെയിനി, ജർമൻ സർക്കാറിന്റെ ഹാൻഡ് ഇൻ ഹാൻഡ് ഫോർ ഇന്റർനാഷണൽ ടാലന്റ്സ് പ്രോഗ്രാമിന്റെ ഭാഗമായുള്ള റിക്രൂട്ട്മെന്റുകൾക്ക് പുറമേയാണ് ഡെഫയുമായുള്ള ധാരണ.

ICL
Join ICL, Grow with us
ICL Fincorp
ഗോൾഡ് ലോൺ @ 9%*
വാർഷിക പലിശ
കുറഞ്ഞ പലിശ നിരക്ക്
ഉയർന്ന മൂല്യം | അതിവേഗം
TOLL-FREE : 1800 31 333 53
*As Per EMI Scheme Basis *T&C Apply

# സെബിയുടെ ക്ലീൻ ചിറ്റ്: അദാനി ഓഹരികളിൽ 13%വരെ കുതിപ്പ്



**മുംബൈ:** യുഎസ് ഷോർട് സെല്ലറായ ഹിൻഡൻബെർഗ് റിസർച്ച് ഉന്നയിച്ച ആരോപണങ്ങളിൽ സെബിയുടെ ക്ലീൻ ചിറ്റ് ലഭിച്ചതോടെ അദാനി ഗ്രൂപ്പ് ഓഹരികളിൽ കുതിപ്പ്. വെള്ളിയാഴ്ച രാവിലത്തെ വ്യാപാരത്തിനിടെ ഓഹരികൾ 13 ശതമാനം വരെ നേട്ടമുണ്ടാക്കി.

അദാനി ടോട്ടൽ ഗ്യാസിന്റെ ഓഹരി വില 13 ശതമാനം ഉയർന്ന് 687 രൂപ നിലവാരത്തിലെത്തി. അദാനി പവറാകട്ടെ ഒമ്പത് ശതമാനം നേട്ടത്തിൽ 686 രൂപയിലുമാണ് ഇന്നലെ വ്യാപാരം നടന്നത്. അദാനി എന്റർപ്രൈസസ് അഞ്ച് ശതമാനം ഉയർന്ന് 2,529 നിലവാരത്തിലാണ്. അദാനി ഗ്രീൻ എനർജിയുടെ ഓഹരി വിലയാകട്ടെ അഞ്ച് ശതമാനം നേട്ടത്തിൽ 1,032 രൂപയിലുമെത്തി. അദാനി പോർട്സാകട്ടെ മൂന്ന് ശതമാനവും നേട്ടമുണ്ടാക്കി.

സാമ്പത്തിക തട്ടിപ്പ്, ഓഹരി വിലയിലെ കൃത്രിമം തുടങ്ങി ഗുരുതരമായ ആരോപണങ്ങളായിരുന്നു ഹിൻഡൻബെർഗ് ഉന്നയിച്ചത്. ഹിൻഡൻബെർഗ് ആരോപിച്ചതുപോലെ, അദാനി ഗ്രൂപ്പ് നിയമലംഘനം നടത്തിയതിനോ, പണം ദുരുപയോഗം ചെയ്തതിനോ, വ്യാജ രേഖകൾ ചമച്ചതിനോ യാതൊരു തെളിവുമില്ലെന്ന് സെബിയുടെ അന്തിമ ഉത്തരവിൽ പറയുന്നു. 2023 ജനുവരിയിലായിരുന്നു യുഎസ് ഷോർട്ട് സെല്ലറുടെ ആരോപണം പുറത്തുവരുന്നത്. രണ്ടര വർഷം കഴിഞ്ഞാണ് സെബിയുടെ തീർപ്പാക്കൽ.

# പലിശനിരക്ക് കുറച്ച് ഫെഡറൽ റിസർവ്

**വാഷിംഗ്ടൺ:** യു.എസ് കേന്ദ്ര ബാങ്ക് ഫെഡറൽ റിസർവ് അടിസ്ഥാന പലിശ കുറച്ചു. പ്രധാന പലിശനിരക്ക് കാൽശതമാനമാണ് കുറച്ചത്. ഇതോടെ പലിശ നിരക്ക് നാലു ശതമാനത്തിനും 4.25 ശതമാനത്തിനും ഇടയിലായി. ഈ വർഷം ആദ്യമായാണ് ഫെഡറൽ റിസർവ് പലിശനിരക്ക് കുറയ്ക്കുന്നത്. രണ്ടുതവണ കൂടി നിരക്ക് കുറയ്ക്കുമെന്നും 2026ൽ ഒരു തവണകൂടി നിരക്ക് കുറയ്ക്കാൻ തീരുമാനിച്ചതായും അധികൃതർ അറിയിച്ചു. ഡൊണാൾഡ് ട്രംപ് അധികാരത്തിൽ വന്നതിനുശേഷം കുടിയേറ്റം, നികുതി, മറ്റ് ട്രംപ് നയങ്ങൾ എന്നിവ രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയെയും പണപ്പെരുപ്പത്തെയും എങ്ങനെ സ്വാധീനിക്കുന്നുവെന്ന് വിലയിരുത്തനാണ് ഫെഡ് നിരക്കുകളിൽ മാറ്റംവരുത്താതിരുന്നത്.

# ബി.ജെ.എസ് ജെ.എസ്.എസിൽ ലയിക്കുന്നു




ജെ.എസ്.എസിന്റെ എറണാകുളം ജില്ലാ കമ്മിറ്റി ഓഫീസിൽ കൂടിയ  യോഗത്തിൽ ബി.ജെ.എസ് പാർട്ടി ജെ.എസ്.എസിൽ ലയിക്കാൻ തീരുമാനിച്ചതായി ജെ.എസ്.എസ് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ.എ.എൻ.രാജൻ ബാബു, ബി.ജെ.എസ് സംസ്ഥാന പ്രസിഡന്റ് കെ.കെ.ബിനു എന്നിവർ പ്രഖ്യാപിക്കുന്നു. ഇരുപാർട്ടിയിലെയും സംസ്ഥാന നേതാക്കൾ സമീപം

**കൊച്ചി :** ബി.ജെ.എസ് (ഭാരതീയ ജന സേന) സംസ്ഥന കമ്മിറ്റി പിരിച്ച്വിട്ട് ജെ.എസ്.എസിൽ (ജനാധിപത്യ സംരക്ഷണ സമിതി) ലയിക്കാൻ തീരുമാനിച്ചു. ലയന സമ്മേളനം ഒക്ടോബർ 18 ന് തൃശ്ശൂരിൽ നടക്കും. ജെ.എസ്.എസിന്റെയും ബി.ജെ.എസിന്റെയും സംസ്ഥാന നേതാക്കൾ ജെ.എസ്.എസിന്റെ എറണാകുളം ജില്ലാ കമ്മിറ്റി ഓഫീസിൽ ഇന്നലെ കൂടിയ സംയുക്ത യോഗമാണ് ലയന പ്രഖ്യാപനം നടത്തിയത്. ജെ.എസ്.എസ് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. എ.എൻ രാജൻ ബാബുവിന്റെ നേത്വത്തിൽ സംസ്ഥന നേതാക്കളായ ദാസൻ പാരിപ്പിള്ളി, സുരേഷ് ബാബു, മഥൻലാൽ , വി.കെ. സുനിൽ കുമാർ, ഉണ്ണികൃഷ്ണൻ, മധു അയ്യംപിള്ളി, ജെ.വൈ.എസ് സംസ്ഥാന പ്രസിഡന്റ് മൻസൂർ റഹ്മാനിയ തുടങ്ങിയവരുമായി ബി.ജെ.എസ് സംസ്ഥാന പ്രസിഡന്റ് കെ.കെ.ബിനുവിന്റെ നേതൃത്വത്തിൽ സംസ്ഥാന നേതാക്കളായ ബിജു എസ്.പിള്ള, ടി.വി സുനിൽ, ആർ. ഉണ്ണികൃഷ്ണൻ, സാബു, സന്തോഷ് മാള, രവി കുളങ്ങര  തുടങ്ങിയവരാണ് ചർച്ചയിൽ പങ്കെടുത്തത്. യോഗത്തിൽ ജെ.എസ്.എസ് എറണാകുളം ജില്ലാ വൈസ് പ്രസിഡന്റ് പി.സി ജയൻ അധ്യക്ഷത വഹിച്ചു.



# കർഷകർക്ക് ഫലവൃക്ഷത്തൈകൾ വിതരണം ചെയ്തു

**കോഴിക്കോട്:** പനങ്ങാട് ഗ്രാമപഞ്ചായത്ത് 2025-26 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി കർഷകർക്ക് ഫലവൃക്ഷത്തൈകൾ വിതരണം ചെയ്തു. കർഷകൻ പ്രദീപ്കുമാർ പിള്ളാടിക്കണ്ടിക്ക് വൃക്ഷത്തൈ കൈമാറി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വി. എം കുട്ടികൃഷ്ണൻ ഉദ്ഘാടനം നിർവഹിച്ചു. 100 കർഷകർക്കാണ് സൗജന്യമായി മാവ്, പ്ലാവ്, പേര തൈകൾ നൽകിയത്.

വികസന സ്ഥിരം സമിതി അധ്യക്ഷൻ ഷാജി കെ. പണിക്കർ അധ്യക്ഷനായി. ക്ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷ കെ. കെ പ്രകാശിനി, പഞ്ചായത്ത് അംഗം റംല വെട്ടത്ത്, വാർഡ് മെമ്പർ റിജു പ്രസാദ്, കൃഷി ഓഫീസർ സി. മുജീബ് തുടങ്ങിയവർ പങ്കെടുത്തു.

# 26 കുടുംബശ്രീ സി.ഡി.എസുകൾക്ക് ഐഎസ്ഒ അംഗീകാരം

**നീലേശ്വരം:** ജില്ലയിലെ 26 കുടുംബശ്രീ സിഡിഎസുകൾക്ക് ഉയർന്ന ഗുണനിലവാര അംഗീകാരമായ ഐഎസ്ഒ സർട്ടിഫിക്കേഷൻ. പൊതുജന സേവനങ്ങളും അടിസ്ഥാന സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായാണ് കുടുംബശ്രീ യുടെ ത്രിതല സംഘടന സംവിധാനത്തിലെ ഏറ്റവും മേൽതട്ടായ സിഡിഎസ് ഓഫീസുകളെ ഐഎസ്ഒ നിലവാരത്തിലേക്ക് ഉയർത്തിയത്. സംസ്ഥാനത്ത് ആകെ 607 സിഡിഎസ്സുകളെയാണ് ഐഎസ്ഒ  ഗുണനിലവാരത്തിലേക്ക് ഉയർത്തിയത്.



# വയോജനങ്ങൾക്ക് 'ആയുഷ്യം' ആരോഗ്യ പദ്ധതിയുമായി ഗ്രാമപഞ്ചായത്ത്

**കോഴിക്കോട്:** വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് മുഖ്യ പരിഗണന നൽകുന്ന 'ആയുഷ്യം' ആരോഗ്യ പദ്ധതിയുമായി തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത്. ഗവ. ആയുർവേദ ഡിസ്പെൻസറിയുടെ കീഴിലാണ് ജില്ലയിൽ ആദ്യമായി പദ്ധതി നടപ്പാക്കുന്നത്. ചികിത്സാ സൗകര്യങ്ങൾ, മെഡിക്കൽ ക്യാമ്പുകൾ, കലാപരിപാടികൾ എന്നിവയെല്ലാം ഉൾപ്പെടുത്തി വയോജനങ്ങളുടെ സമഗ്ര ആരോഗ്യ പരിപാലനമാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

ക്യാമ്പുകൾ വഴി ആയുർവേദ സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യം എല്ലാവർക്കും ലഭ്യമാക്കും. ആരോഗ്യ പരിപാലനത്തിനായി എല്ലാ വാർഡുകൾ കേന്ദ്രീകരിച്ചും വയോ ക്ലബ് വഴി യോഗ പരിശീലനം, ബോധവത്കരണ പരിപാടികൾ, പരിശീലന പരിപാടികൾ, കൂട്ടായ്മകൾ എന്നിവയും മാനസികാരോഗ്യത്തിനായി വയോ ക്ലബുകൾ വഴി കലാ,കായിക, സാംസ്കാരിക പരിപാടികളും ഒരുക്കുന്നുണ്ട്.

സന്ധി, അസ്ഥി, മാനസികാരോഗ്യം, നേത്രം, ഇഎൻടി, സ്ത്രീരോഗം തുടങ്ങി വയോജനങ്ങൾക്ക് വേണ്ട സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യങ്ങളും ഉണ്ടാകും. കിടപ്പിലായവർക്കും പ്രായാധിക്യം കാരണം വീട്ടിൽ കഴിയുന്നവർക്കും ഹോം കെയർ സംവിധാനവും കാരുണ്യ പാലിയേറ്റിവ് കെയർ പദ്ധതിയും, ഹർഷം മാനസികാരോഗ്യ പദ്ധതി, ഒസ്ടിയോപെറോസിസ് പദ്ധതി, വയോമിത്രം, സ്വാസ്ഥ്യ എൻസിഡി, ആയുർയോഗ പദ്ധതികൾ, നേത്രം ഇഎൻടി ക്ലിനിക്, പഞ്ചകർമ ചികിത്സാ സൗകര്യം എന്നിവയും പദ്ധതിയിൽ ലഭ്യമാക്കും.

പദ്ധതി വഴി നടപ്പാക്കുന്ന വാർഡ് തല ആരോഗ്യ സ്ക്രീനിങ് ക്യാമ്പുകൾക്ക് പഞ്ചായത്തിൽ തുടക്കമായി. പദ്ധതിയുടെ ആദ്യ മെഡിക്കൽ ക്യാമ്പ് എടക്കര ജനകീയാരോഗ്യ കേന്ദ്രത്തിൽ തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. ടി പ്രമീള ഉദ്ഘാടനം ചെയ്തു.

ആയുഷ്യം നൂതന പദ്ധതിയുടെയും നാഷണൽ ആയുഷ് മിഷൻ വയോമിത്രം പദ്ധതിയുടെയും ഭാഗമായി അണ്ടിക്കോട് ഗവ.ആയുർവേദ ഡിസ്പെൻസറിയുടെ ആഭിമുഖ്യത്തിലാണ് സ്ക്രീനിങ് ക്യാമ്പ് സംഘടിപ്പിച്ചത്.

രക്തപരിശോധനകളും ആരോഗ്യ പരിശോധനകളും യോഗ പരിശീലനവും അവബോധക്ലാസുകളും ക്യാമ്പിന്റെ ഭാഗമായി നടന്നു. എല്ലാ വാർഡുകൾ കേന്ദ്രീകരിച്ചും ക്യാമ്പുകൾ നടത്താനും തുടർചികിത്സ ആയുഷ്യം പദ്ധതി വഴി നൽകാനും തീരുമാനിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ. ടി പ്രമീള പറഞ്ഞു.

# ദേശീയ ആയുർവേദ ദിനാചരണം സെപ്തംബർ 23ന്

**കൊച്ചി:** ദേശീയ ആയുർവേദ ദിനാചരണത്തിന്റെ ഭാഗമായി ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയ പ്രത്യേക ക്യാമ്പയിൻ പ്രഖ്യാപിച്ചു. ഉറക്കപ്രശ്നങ്ങൾ, സമ്മർദം, ഉത്കണ്ഠ, ശരീരഭാരം സംബന്ധിച്ച ആശങ്കകൾ, ഹോർമോൺ വ്യതിയാനങ്ങൾ എന്നിവ ആധുനിക ജീവിതശൈലിയെ നിർവചിക്കുമ്പോൾ, പലരും സമഗ്രമായ പരിഹാരങ്ങൾക്കായി ആയുർവേദത്തെയാണ് സമീപിക്കുന്നതെന്ന് ക്യാമ്പയിൻ ചൂണ്ടിക്കാട്ടുന്നു. അതിരാവിലെ എഴുന്നേൽക്കുക, യോഗ, ധ്യാനം, സാത്വിക ഭക്ഷണം, ബദാം പോലുള്ള പോഷകസമൃദ്ധമായ നട്സുകൾ തുടങ്ങിയ ശ്രദ്ധാപൂർവമായ ശീലങ്ങൾ മനസ്, ശരീരം, ആത്മാവ് എന്നിവയുടെ സന്തുലിതാവസ്ഥയിൽ വേരൂന്നി ആയുർവേദം പ്രോത്സാഹിപ്പിക്കുന്നുണ്ട്. വേഗതയേറിയ ഇന്നത്തെ ലോകത്ത് പ്രതിരോധശേഷി വർധിപ്പിക്കാൻ ഇത് സഹായിക്കും. ഭക്ഷണം ഒരു ഔഷധമായാണ് ആയുർവേദത്തിൽ കണക്കാക്കപ്പെടുന്നത്. ഫ്രഷ് ഫ്രൂട്ട്സ്, പച്ചക്കറികൾ, ധാന്യങ്ങൾ, പയറുവർഗങ്ങൾ, ബദാം പോലുള്ള നട്സുകൾ തുടങ്ങിയ പോഷകസമൃദ്ധമായ ഭക്ഷണങ്ങൾ കഴിക്കാൻ ഇത് ഊന്നൽ നൽകുന്നുണ്ടെന്ന് ആയുർവേദ വിദഗ്ധ ഡോ. മധുമിത കൃഷ്ണൻ പറഞ്ഞു. ബദാം, പ്രത്യേകിച്ച് രാത്രി മുഴുവൻ വെള്ളത്തിലിട്ട് രാവിലെ കഴിക്കുകയാണെങ്കിൽ, ശരീരത്തെ ശക്തിപ്പെടുത്താനും ചർമത്തിന്റെ ആരോഗ്യം മെച്ചപ്പെടുത്താനും ദോഷ സന്തുലിതാവസ്ഥയെ പിന്തുണയ്ക്കാനും സഹായിക്കും. മതിയായ ഉറക്കത്തെ നല്ല ആരോഗ്യത്തിന്റെ പ്രധാന തൂണുകളിൽ ഒന്നായാണ് ആയുർവേദം കണക്കാക്കുന്നത്. ഇന്നത്തെ വേഗതയേറിയ ലോകത്ത്, ഉറക്കമില്ലായ്മയും ഉറക്കതടസങ്ങളും കൂടുതൽ വ്യാപകമാവുന്ന സാഹചര്യത്തിൽ ഇത് പ്രസക്തമാണ്.



സ്ഥിരമായ ഉറക്കവും ഉണരുന്ന സമയവും നിലനിർത്തുക, കിടക്കുന്നതിന് മുമ്പ് പാൽ പോലുള്ള ചൂടുള്ളതും പോഷകഗുണമുള്ളതുമായ ഭക്ഷണം കഴിക്കുക, രാത്രി ദിനചര്യയിൽ ധ്യാനം ഉൾപ്പെടുത്തുക എന്നിങ്ങനെ ഉറക്കത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ലളിതവും എന്നാൽ ഫലപ്രദവുമായ നിരവധി കാര്യങ്ങൾ ചെയ്യാൻ ആയുർവേദം ശുപാർശ ചെയ്യുന്നുണ്ടെന്നും അവർ കൂട്ടിച്ചേർത്തു.

# ഇന്ത്യയുടെ ജിസിസി കേന്ദ്രമായി മാറാൻ കേരളം

# ജിസിസി മേഖലയ്ക്കായി പ്രത്യേക ഇളവുകൾ പരിഗണനയിൽ

**കൊച്ചി :** ഗ്ലോബൽ കേപ്പബിലിറ്റി സെൻ്ററുകളുടെ(ജിസിസി) കേന്ദ്രം ആകുന്നത് ലക്ഷ്യമിട്ട് ആഗോള കമ്പനികളും സംസ്ഥാനത്തെ സ്റ്റാർട്ടപ്പ് ശൃംഖലയും തമ്മിലുള്ള സഹകരണം കൂടുതൽ ശക്തമാക്കാനുള്ള പദ്ധതികൾ സംസ്ഥാന സർക്കാർ അവതരിപ്പിച്ചു. ജിസിസി മേഖലയ്ക്ക് എല്ലാ പിന്തുണയും നൽകുമെന്ന് സെപ്റ്റംബർ 12 മുതൽ 14 വരെ നടന്ന ഇ.ടി സർജ് 2025ൽ ഉറപ്പു നൽകിയിരുന്നു. ജിസിസി ബോയിലർ പ്ലെയ്റ്റ് എന്ന പുതിയ സംവിധാനം, നിലവിൽ സംസ്ഥാനത്തുള്ള 40 ജി.സി.സി.കളുടെ എണ്ണം 2030 ഓടെ 120 ആയി ഉയർത്താൻ സഹായിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കുറഞ്ഞ സമയത്തിനുള്ളിൽ അതിവേഗ മാറ്റങ്ങൾക്ക് വിധേയമാകുന്ന ചുരുക്കം ചില സ്ഥലങ്ങളിൽ ഒന്നാണ് കേരളമെന്ന് സംസ്ഥാന ഐടി സ്പെഷ്യൽ സെക്രട്ടറി സീറാം സാംബശിവ റാവു പറഞ്ഞു.

മികച്ച നൈപുണ്യശേഷി, ആഗോളനിലവാരത്തിലുള്ള സാമൂഹിക അടിസ്ഥാന സൗകര്യങ്ങൾ, നഗരവികസനത്തിന്റെ സുസ്ഥിര മാതൃക, മികച്ച തൊഴിൽ സംസ്കാരം എന്നിവയുൾപ്പെടെ കേരളത്തിന്റെ പ്രത്യേകതകൾ സമ്മേളനത്തിൽ സംബന്ധിച്ചവർ ചൂണ്ടിക്കാട്ടി . ബി.എഫ്.എസ്.ഐ, ഇൻഷുറൻസ്, ഹെൽത്ത്കെയർ, ഷിപ്പിംഗ് ആൻ്റ് ലോജിസ്റ്റിക്സ്, സൈബർ സെക്യൂരിറ്റി, ഡാറ്റാ എൻജിനീയറിങ് തുടങ്ങിയ മേഖലകളിലെ നേട്ടങ്ങൾ എടുത്തു കാണിക്കാൻ കേരളം കൂടുതൽ ശ്രദ്ധ നൽകണമെന്നും ഇവർ വ്യക്തമാക്കി. ഡിജിറ്റൽ മേഖലയിൽ കേരളത്തിന്റെ പുരോഗതി നയിക്കുന്നത് എല്ലാ പൗരന്മാരെയും ഒരുപോലെ ഉൾപ്പെടുത്തി മുന്നോട്ട് പോകാനുള്ള വ്യക്തമായ കാഴ്ച്ചപ്പാടാണ് സംസ്ഥാനം സ്വീകരിച്ചിട്ടുള്ളതെന്ന് സംസ്ഥാന സർക്കാരിന്റെ ഹൈ പവർ ഐ.ടി കമ്മിറ്റി വൈസ് ചെയർമാൻ എസ്.ഡി ഷിബുലാൽ പറഞ്ഞു. ബോധപൂർവമായ ഇടപെടലുകളുടെ ഫലമായി ഇന്ന് സാങ്കേതികവിദ്യയും ഉദ്ദേശ്യവും കൂടി ചേരുന്ന ഒരു ആവാസവ്യവസ്ഥ സൃഷ്ടിക്കാൻ ഇത് സഹായകരമായെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വളർന്നുവരുന്ന ഇന്ത്യൻ നഗരങ്ങളിൽ ജി.സി.സി.കളെ വികസിപ്പിക്കുന്നതിനുള്ള വഴികളെക്കുറിച്ച് വിശദമായ പാനൽ ചർച്ച നടന്നു. ശ്രീറാം സാംബശിവ റാവു, അലയൻസ് സർവീസസ് ചീഫ് ഡെലിവെറി ഓഫീസറും അലയൻസ് സർവീസസ് ഇന്ത്യയുടെ എം.ഡി.യും സി.ഇ.ഒ.യുമായ ജിസൺ ജോൺ, എച്ച് ആൻഡ് ആർ ബ്ലോക്ക് വൈസ് പ്രസിഡൻ്റും മാനേജിംഗ് ഡയറക്ടറുമായ ഹരി പ്രസാദ് എന്നിവർ പങ്കെടുത്തു. രാജ്യത്തെ പല ഐടി നഗരങ്ങളിൽ നിന്ന് കൊച്ചിയിലെത്തി പരിപാടിയിൽ പങ്കെടുത്ത വിവിധ ജി.സി.സി നേതാക്കളുമായി ഐടി സെക്രട്ടറി പ്രത്യേകം കൂടിക്കാഴ്ചകൾ നടത്തി.




സഫിൻ ഇന്ത്യയുടെ എം.ഡി.യും സി.ഇ.ഒ.യും സഫിൻ ചീഫ് സസ്റ്റെയിനബിലിറ്റി ഓഫീസറുമായ സുജ ചാണ്ടി, എയർ ഇന്ത്യ സെൻ്റർ ഓഫ് ഡിജിറ്റൽ ഇന്നൊവേഷൻ വൈസ് പ്രസിഡൻ്റ് ദേവ ജോസഫ്, റിപ്ലൈ ഇന്ത്യയുടെ വൈസ് പ്രസിഡൻ്റ് സഞ്ജീവ് സുധീർ, എസ്.ഒ.ടി.ഐ വൈസ് പ്രസിഡൻ്റ് ജോസഫ് സാമുവൽ എന്നിവരും കേരളത്തിൽ നിന്നുള്ള ജി.സി.സി പ്രതിനിധികളായി സമ്മേളനത്തിൽ പങ്കെടുത്തു.

തങ്ങളുടെ വിദേശ സ്ഥാപനത്തെ ഇന്ത്യയിലേക്ക് മാറ്റാനുള്ള സാധ്യത തിരയുകയാണെന്നും, ഇതിനായി കേരളവും പരിഗണിക്കുമെന്നും ആഗോള ക്ലൗഡ് കമ്മ്യൂണിക്കേഷൻസ് സ്ഥാപനമായ അവായയുടെ അമിത് ഗ്രോവർ പറഞ്ഞു.അവായ ജിസിസി ടീം അംഗങ്ങളിൽ 20 ശതമാനം പേരും കേരളത്തിൽ നിന്നുള്ളവരാണെന്ന് മാത്രമല്ല അവർ വളരെ മികച്ച പ്രകടനവും കാഴ്ച വയ്ക്കുന്നുവെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

# എല്ലാവർക്കും സിപിആർ: ലോക ഹൃദയ ദിനത്തിൽ പുതിയ സംരംഭം

**തിരുവനന്തപുരം:** സിപിആർ അഥവാ കാർഡിയോ പൾമണറി റെസ്ക്യൂസിറ്റേഷൻ പരിശീലനം നൽകുന്ന പദ്ധതി സംസ്ഥാന ആരോഗ്യ വകുപ്പ് ലോക ഹൃദയ ദിനമായ സെപ്റ്റംബർ 29 മുതൽ ആരംഭിക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സന്നദ്ധ പ്രവർത്തകർ, കുടുംബശ്രീ അംഗങ്ങൾ, ഡ്രൈവർമാർ, റെസിഡൻസ് അസോസിയേഷൻ, വിവിധ സേനാംഗങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പൊതുജനങ്ങൾ തുടങ്ങി പരമാവധി പേർക്ക് ഘട്ടം ഘട്ടമായി പരിശീലനം നൽകുന്നതാണ്.

ഹൃദയസ്തംഭനം ഉണ്ടാകുന്ന വ്യക്തികളിൽ നടത്തുന്ന അടിയന്തിര പ്രഥമ ശുശ്രൂഷയാണ് സിപിആർ. ശരിയായ രീതിയിൽ സിപിആർ നൽകി അടിയന്തരമായി ആശുപത്രിയിലെത്തിച്ചാൽ അവരെ ജീവിതത്തിലേക്ക് തിരികെയെത്തിക്കാൻ സാധിക്കും. സിപിആറിന്റെ പ്രാധാന്യം മുന്നിൽ കണ്ടാണ് എല്ലാവർക്കും പരിശീലനം നൽകുന്നതെന്നും മന്ത്രി വ്യക്തമാക്കി.

ആരോഗ്യ വകുപ്പ് ഇതിനായി പ്രത്യേക ആക്ഷൻ പ്ലാൻ തയ്യാറാക്കും. ആധുനിക മാനിക്കിനുകളുടെ സഹായത്തോടെയായിരിക്കും പരിശീലനം.

എല്ലാ മെഡിക്കൽ കോളേജുകളിലും പരിശീലനത്തിനായി കാർഡിയോളജി വിഭാഗത്തിന്റെ സഹകരണത്തോടെ സ്ഥിരം സംവിധാനമൊരുക്കും. ഇതിനായി പ്രത്യേക ടീമിനെ സജ്ജമാക്കും. ഇതുകൂടാതെ ഐഎംഎയിലെ ഡോക്ടർമാരും പരിശീലനത്തിന് നേതൃത്വം നൽകും. പരിശീലനത്തിന് ഐഎംഎ എല്ലാ സഹകരണവും ഉറപ്പ് നൽകി. സിപിആർ പരിശീലനം സംബന്ധിച്ച് ഏകീകൃതമായ ഷോർട്ട് വീഡിയോ തയ്യാറാക്കി പ്രചരിപ്പിക്കും.

മന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, ആരോഗ്യവകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ, ഐഎംഎ, കെ.ജി.എം.ഒ.എ, മെഡിക്കൽ കോളേജുകളിലെ പ്രിൻസിപ്പൽമാർ, സൂപ്രണ്ടുമാർ, കാർഡിയോളജി വിഭാഗം മേധാവികൾ തുടങ്ങിയവർ പങ്കെടുത്തു.

ഹൃദയസ്തംഭനം മൂലം വിവിധ അവയവങ്ങളിലേക്കുള്ള രക്തപ്രവാഹം നിലയ്ക്കുന്നത് മൂലം ബോധക്ഷയവും മറ്റ് സങ്കീർണതകളുമുണ്ടാകുന്നു. ഇങ്ങനെ സംഭവിച്ചാൽ അടിയന്തര ചികിത്സ നൽകിയില്ലെങ്കിൽ തലച്ചോറിന്റെ പ്രവർത്തനം നിലയ്ക്കുകയും മരണത്തിലേക്ക് എത്തുകയും ചെയ്യും.

ഇത് തടയുവാനുള്ള ഏറ്റവും എളുപ്പവും പ്രായോഗികവുമായ മാർഗമാണ് സിപിആർ. തലച്ചോറിലേക്കും ഹൃദയത്തിലേക്കും ഓക്സിജൻ അടങ്ങിയ രക്തത്തിന്റെ ഒഴുക്ക് പുനഃസ്ഥാപിക്കാൻ സിപിആറിലൂടെ ഒരു പരിധി വരെ സാധിക്കും.

ഹൃദയാഘാതമുണ്ടായാൽ ഉടൻ സി.പി.ആർ. നൽകിയാൽ രോഗിയുടെ ജീവൻ രക്ഷിക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. കുഴഞ്ഞുവീണ ആൾക്ക് ബോധമുണ്ടോ എന്ന് നോക്കുകയാണ് ആദ്യം ചെയ്യേണ്ടത്. അബോധാവസ്ഥയിലാണെങ്കിൽ ഉടൻ തന്നെ പൾസും ശ്വാസം ഉണ്ടോയെന്നും പരിശോധിക്കുക. ഹൃദയമിടിപ്പ് ഇല്ലെങ്കിൽ സി.പി.ആർ ഉടൻ ആരംഭിക്കുക.

ഹൃദയം സ്ഥിതിചെയ്യുന്ന നെഞ്ചിന്റെ ഇടത് ഭാഗത്താണ് സി.പി.ആർ ചെയ്യേണ്ടത്. ആദ്യത്തെ കൈയുടെ മുകളിൽ മറ്റൊരു കൈ വയ്ക്കുകയും വിരലുകൾ പരസ്പരം ബന്ധിപ്പിക്കുകയും ചെയ്ത് അഞ്ചു മുതൽ ഏഴു സെന്റിമീറ്റർ താഴ്ചയിൽ നെഞ്ചിൽ അമർത്തിയാണ് സിപിആർ നൽകേണ്ടത്.

സിപിആറിന് പുറമേ വായിലൂടെ കൃത്രിമ ശ്വാസോച്ഛ്വാസവും നൽകുക. പരിശീലനം ലഭിച്ച ഏതൊരാൾക്കും ചെയ്യാൻ സാധിക്കുന്ന പ്രഥമ ശുശ്രൂഷാ മാർഗമാണിത്.

സിപിആർ ശാസ്ത്രീയമായി പരിശീലിപ്പിക്കുകയാണ് ഈ പദ്ധതിയിലൂടെ ആരോഗ്യ വകുപ്പ് ലക്ഷ്യമിടുന്നത്. ഒരുപാട് ജീവനുകൾ ഇതിലൂടെ രക്ഷിക്കാൻ സാധിക്കും.

## പ്രവാസി സംരംഭകർക്കായി നോർക്ക റൂട്ട്സ് സി.എം.ഡി എൻ.ഡി.പി.ആർ.ഇ.എം പരിശീലന പരിപാടി 24 ന് ഇടുക്കി കട്ടപ്പനയിൽ

**തിരുവനന്തപുരം:** പ്രവാസികൾക്കും തിരിച്ചെത്തിയ പ്രവാസികൾക്കുമായി നോർക്കാ റൂട്ട്സും സംസ്ഥാന സർക്കാർ സ്ഥാപനമായ സെൻ്റർ ഫോർ മാനേജ്മെൻ്റ് ഡവലപ്പ്മെൻ്റും (സി.എം.ഡി) സംയുക്തമായി സംഘടിപ്പിക്കുന്ന എൻ.ഡി.പി.ആർ.ഇ.എം പരിശീലന പരിപാടി സെപ്റ്റംബർ 24 ന് ഇടുക്കി കട്ടപ്പനയിൽ. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർക്ക് ശിൽപ്പശാല നടക്കുന്ന കട്ടപ്പന പള്ളിക്കവല സി.എസ്.ഐ ഗാർഡൻസ് ബിൽഡിംഗിലെ വൈ.എം.സി.എ ഹാളിൽ (സെൻ്റ് ജോർജ് കത്തോലിക്കാ പള്ളിക്ക് സമീപം) രാവിലെ 9.30 മുതൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. തിരിച്ചെത്തിയ പ്രവാസികളുടെ പുനരധിവാസത്തിനായി സംസ്ഥാന സർക്കാർ നോർക്ക റൂട്ട്സ് വഴി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്മെൻ്റ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രൻസ് അഥവ എൻ.ഡി.പി.ആർ.ഇ.എം ഉചിതമായ സംരംഭങ്ങൾ തിരഞ്ഞെടുക്കുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ സാമ്പത്തിക, നിയമ, മാനേജ്മെൻ്റ് മേഖലകളെ സംബന്ധിച്ചുള്ള മാർഗനിർദ്ദേശങ്ങളും ലഭ്യമാകുന്നതാണ് പരിശീലനം. വിശദ വിവരങ്ങൾക്ക് സെൻ്റർ ഫോർ മാനേജ്മെൻ്റ് ഡവലപ്പ്മെൻ്റ് ഹെൽപ്പ് ഡെസ്ക്കിലെ 0471 2329738, +91 8078249505 എന്നീ നമ്പറുകളിൽ (പ്രവൃത്തി ദിനങ്ങളിൽ, ഓഫീസ് സമയത്ത്) ബന്ധപ്പെടാവുന്നതാണ്.

രണ്ട് വർഷത്തിൽ കൂടുതൽ വിദേശത്തു ജോലിചെയ്തു നാട്ടിൽ സ്ഥിരതാമസമാക്കിയ പ്രവാസികേരളീയർക്ക് സ്വയംതൊഴിലോ സംരംഭങ്ങളോ ആരംഭിക്കുന്നതിനും നിലവിലുള്ളവയുടെ വിപുലീകരണത്തിനും പ്രയോജനപ്പെടുന്നതാണ് എൻ.ഡി.പി.ആർ.ഇ.എം പദ്ധതി. താൽപര്യമുള്ളവർക്ക് നോർക്ക റൂട്ട്സ് വെബ്ബ്സൈറ്റായ www.norkaroots.kerala.gov.in സന്ദർശിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ്. കൃത്യമായ വായ്പാ തിരിച്ചടവിന് 15 ശതമാനം മൂലധന സബ്സിഡിയും (പരമാവധി മൂന്നു ലക്ഷം രൂപ വരെ) മൂന്നു ശതമാനം പലിശ സബ്സിഡിയും (ആദ്യത്തെ നാലു വർഷം) എൻ.ഡി.പി.ആർ.ഇ.എം പദ്ധതി വഴി സംരംഭകർക്ക് ലഭിക്കും. പദ്ധതി സംബന്ധിക്കുന്ന കൂടുതൽ വിവരങ്ങൾക്ക് 24 മണിക്കൂറും പ്രവർത്തിക്കുന്ന നോർക്ക ഗ്ലോബൽ കോൺടാക്ട് സെൻ്ററിന്റെ ടോൾ ഫ്രീ നമ്പറുകളായ 1800 425 3939 (ഇന്ത്യയിൽ നിന്നും) +918802012345 (വിദേശത്തുനിന്നും, മിസ്സ്ഡ് കോൾ സർവ്വീസ്) ബന്ധപ്പെടാവുന്നതാണ്.




# എയർ ഇന്ത്യ എക്സ്പ്രസിന് അയാട്ടയിൽ അംഗത്വം

**കൊച്ചി:** എയർ ഇന്ത്യ എക്സ്പ്രസ് ഔദ്യോഗികമായി ഇന്റർനാഷണൽ എയർ ട്രാൻസ്പോർട്ട് അസോസിയേഷനിൽ (അയാട്ട) അംഗമായി. കമ്പനി അതിവേഗം വിപുലീകരിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് എയർ ഇന്ത്യ എക്സ്പ്രസ് ഈ നേട്ടം കൈവരിച്ചത്.

120ലധികം രാജ്യങ്ങളിൽ നിന്നായി 350ഓളം വിമാന കമ്പനികളെയാണ് അയാട്ട പ്രതിനിധീകരിക്കുന്നത്. ആഗോള വിമാന ഗതാഗതത്തിന്റെ 80 ശതമാനത്തിലധികമാണിത്. 900ലധികം മാനദണ്ഡങ്ങൾ പാലിച്ചുള്ള പ്രവർത്തന സുരക്ഷ ഓഡിറ്റുകൾ (ഐഒഎസ്എ) പൂർത്തിയാക്കിയ വിമാന കമ്പനികൾക്ക് മാത്രമേ അയാട്ടയിൽ അംഗത്വം ലഭിക്കൂ. വിമാന യാത്രകൾ കൂടുതൽ മെച്ചപ്പെടുത്താൻ അയാട്ടയിലെ അംഗത്വം സഹായകരമാകും. കൂടാതെ ലോകമെമ്പാടുമുള്ള അയാട്ട ബില്ലിംഗ് ആന്റ് സെറ്റിൽമെന്റ് പദ്ധതികളിൽ എയർ ഇന്ത്യ എക്സ്പ്രസിനെ സജീവ പങ്കാളിയായി നിർത്തും. അയാട്ട അംഗീകൃത ട്രാവൽ ഏജന്റുമാരിലൂടെ ആഗോള തലത്തിൽ എയർ ഇന്ത്യ എക്സ്പ്രസിന്റെ സാന്നിധ്യവും കൂടുതൽ ശക്തിപ്പെടുത്തും. അനുദിനം വിപുലീകരിക്കുന്ന വിമാന നിരയുള്ള എയർ ഇന്ത്യ എക്സ്പ്രസിന് നിലവിൽ 115 വിമാനങ്ങളുമായി പ്രതിദിനം 500ലധികം വിമാന സർവ്വീസുകളാണുള്ളത്. മിഡിൽ ഈസ്റ്റ്, തെക്ക് കിഴക്കൻ ഏഷ്യ, ഇന്ത്യൻ ഉപഭൂഖണ്ഡം തുടങ്ങിയ സ്ഥലങ്ങളെ ബന്ധിപ്പിച്ച് 41 ആഭ്യന്തര, 17 അന്താരാഷ്ട്ര വിമാനത്താവളങ്ങളിലേക്കാണ് എയർ ഇന്ത്യ എക്സ്പ്രസിന് സർവ്വീസുകളുള്ളത്.

അയാട്ട കുടുംബത്തിലേക്ക് എയർ ഇന്ത്യ എക്സ്പ്രസിനെ സ്വാഗതം ചെയ്യുന്നതായി അയാട്ടയുടെ ഏഷ്യ പസഫിക് മേഖലാ വൈസ് പ്രസിഡന്റായ ഷെൽഡൺ ഹീ പറഞ്ഞു. 2017 മുതൽ ഐഒഎസ്എ രജിസ്ട്രിയിൽ എയർ ഇന്ത്യ എക്സ്പ്രസുണ്ട്.

അയാട്ട കുടുംബത്തിന്റെ ഭാഗമാകുന്നത് തങ്ങൾക്ക് അഭിമാനകരമായ നിമിഷമാണെന്ന് എയർ ഇന്ത്യ എക്സ്പ്രസ് മാനേജിംഗ് ഡയറക്ടർ അലോക് സിംഗ് പറഞ്ഞു.

## മുത്തൂറ്റ് ഫിൻകോർപ്പ് – ഗോദ്റെജ് ഫിനാൻസ് സഹകരണം

**കൊച്ചി:** ഗോദ്റെജ് ഇൻഡസ്ട്രീസ് ഗ്രൂപ്പിന്റെ ഫിനാൻഷ്യൽ സർവീസസ് വിഭാഗമായ ഗോദ്റെജ് ക്യാപിറ്റലിന്റെ അനുബന്ധസ്ഥാപനമായ ഗോദ്റെജ് ഫിനാൻസ് രണ്ട്, മൂന്ന് നിര നഗരങ്ങളിലെ എംഎസ്എംഇകൾക്ക് കൂടുതൽ വായ്പ ലഭ്യമാക്കുന്നതിനായി മുത്തൂറ്റ് ഫിൻകോർപ്പുമായി സഹകരിക്കുന്നു. ഈ മേഖലകളിലെ മുത്തൂറ്റ് ഫിൻകോർപ്പിന്റെ ശക്തമായ സാന്നിധ്യവും വിപണിയിലെ സ്വാധീനവും ഈ പങ്കാളിത്തത്തിന് കരുത്തേകും.




ഈ വായ്പാ പങ്കാളിത്തത്തിന്റെ ഭാഗമായി 10 മുതൽ 75 ലക്ഷം രൂപ വരെയുള്ള വസ്തു ഈടിന്മേൽ പണം വായ്പയായി ലഭിക്കും. ശരാശരി 15 ലക്ഷം രൂപയുടെ വായ്പകളാണ് ഇതിലൂടെ നൽകുന്നത്. രാജ്യത്തുടനീളം ഈ സേവനം ലഭ്യമാകുന്നതിനാൽ സമയബന്ധിതമായി വായ്പ ആവശ്യമുള്ള മേഖലകളിൽ വായ്പ ലഭ്യമാക്കാൻ കഴിയും. ഉടൻ തന്നെ ഈ പങ്കാളിത്തം സ്വർണ്ണവായ്പ, ഭവനവായ്പ പോലുള്ള മറ്റ് പദ്ധതികളിലേക്കും വിപുലീകരിക്കും.

ഈ സഹകരണം ഡിജിറ്റൽ ഏകീകരണത്തിലൂടെ വേഗത്തിലുള്ള അനുമതികൾ, കൂടുതൽ സുതാര്യത എന്നിവയക്ക് പുറമെ ആർബിഐയുടെ കൂട്ടായ വായ്പ ചട്ടങ്ങൾ പാലിക്കുന്നുണ്ടെന്നും ഉറപ്പാക്കും. ഈ കരാർ പ്രകാരം വായ്പ അപകടസാധ്യതയുടെ 80 ശതമാനം ഗോദ്റെജ് ഫിനാൻസും ബാക്കിയുള്ള 20 ശതമാനം മുത്തൂറ്റ് ഫിൻകോർപ്പും വഹിക്കും. അണ്ടർറൈറ്റിംഗ്, കളക്ഷൻ, കസ്റ്റമർ ജേർണി എന്നിവ മുത്തൂറ്റ് ഫിൻകോർപ്പ് മേൽനോട്ടം വഹിക്കും. അതേസമയം ഇരു കൂട്ടരും ചേർന്ന് രൂപീകരിച്ച നയങ്ങളുടെ അടിസ്ഥാനത്തിൽ റെഗുലേറ്ററി ചട്ടങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഗോദ്റെജ് ഫിനാൻസ് ഉറപ്പാക്കും.

കൂടുതൽ ശക്തവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ഒരു സാമ്പത്തിക വ്യവസ്ഥിതിക്കായി നിലകൊണ്ട് ബിസിനസ്സുകളെ ആത്മവിശ്വാസത്തോടെ വളരാൻ സഹായിക്കുക എന്നതാണ് തങ്ങളുടെ ശ്രമമെന്ന് ഗോദ്റെജ് ക്യാപിറ്റലിന്റെ മാനേജിംഗ് ഡയറക്ടറും സിഇഒയുമായ മനീഷ് ഷാ പറഞ്ഞു.

കാർഷിക മേഖല കഴിഞ്ഞാൽ രാജ്യത്ത് ഏറ്റവും കൂടുതൽ തൊഴിൽ നൽകുന്നത് എംഎസ്എംഇ മേഖലയാണ്. എന്നാൽ വായ്പ ലഭ്യതയാണ് ഈ മേഖല നേരിടുന്ന പ്രധാന വെല്ലുവിളി. തങ്ങളുടെ 3700ൽ അധികം ശാഖകളിലൂടെയും മുത്തൂറ്റ് ഫിൻകോർപ്പ് വൺ ആപ്പിലൂടെയും എല്ലാ പ്രദേശങ്ങളിലേക്കും എംഎസ്എംഇകൾക്ക് വായ്പ ലഭ്യമാക്കുന്നുണ്ട്. എംഎസ്എംഇകൾക്ക് വേണ്ടിയുള്ള വസ്തു ഈടിന്മേലുള്ള വായ്പ സേവനത്തിനായി ഗോദ്റെജ് ക്യാപിറ്റലുമായുള്ള ഈ സഹകരണത്തിലൂടെ അവരുടെ സാമ്പത്തിക ആവശ്യങ്ങൾ കൃത്യസമയത്ത് നിറവേറ്റി എംഎസ്എംഇകളുടെ വളർച്ചയ്ക്ക് കൂടുതൽ സേവനം ലഭ്യമാക്കാൻ സാധിക്കുമെന്ന് ഉറപ്പുണ്ടെന്ന് മുത്തൂറ്റ് ഫിൻകോർപ്പ് സിഇഒ ഷാജി വർഗീസ് പറഞ്ഞു.

ഗോദ്റെജ് ഫിനാൻസ് മുഖേന എംഎസ്എംഇകളുടെയും വ്യക്തിഗത വായ്പക്കാരുടെയും വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വൈവിധ്യമാർന്ന വായ്പ സേവനങ്ങൾ ലഭ്യമാക്കുന്നു. വസ്തു ഈടിന്മേലുള്ള വായ്പ, കുറഞ്ഞ തുക ആവശ്യമുള്ളവർക്കായുള്ള വസ്തു ഈടിന്മേലുള്ള ഉദ്യോഗ് വായ്പ, സുരക്ഷിതമല്ലാത്ത ബിസിനസ്സ് ലോണുകൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. ഈ സാമ്പത്തിക വർഷം 250 കോടി രൂപയുടെ വായ്പ വിതരണം ചെയ്യാനാണ് ഈ സഹകരണത്തിലൂടെ ലക്ഷ്യമിടുന്നത്.

## ടിവിഎസുമായി ചേർന്ന് നോയിസിന്റെ ഇവി സ്മാർട്ട് വാച്ച് പുറത്തിറക്കി




**കൊച്ചി:** മുൻനിര ഇരുചക്ര, മുച്ചക്ര വാഹന നിർമ്മാതാക്കളായ ടിവിഎസ് മോട്ടോർ കമ്പനി ഇന്ത്യയിലെ പ്രമുഖ കണക്റ്റഡ് ലൈഫ്സ്റ്റൈൽ ബ്രാൻഡായ നോയിസുമായി ചേർന്ന് രാജ്യത്തെ ആദ്യ ഇ.വി സ്മാർട്ട് വാച്ച് ഇന്റഗ്രേഷൻ പുറത്തിറക്കി. ടിവിഎസ് ഐക്യൂബ് ഇലക്ട്രിക് സ്കൂട്ടറിനെയും നോയിസ് സ്മാർട്ട് വാച്ചിനെയും തമ്മിൽ ബന്ധിപ്പിക്കുന്നതിലൂടെ പതിവ് സ്മാർട്ട് വാച്ച് സംവിധാനങ്ങൾക്ക് പുറമെ വാഹനത്തിന്റെ ബാറ്ററി ചാർജ്, റേഞ്ച്, ടയർ പ്രഷർ, സുരക്ഷാ അലർട്ടുകൾ തുടങ്ങിയ പ്രധാന വിവരങ്ങൾ തൽസമയം അറിയാൻ സാധിക്കും.

ഇതിനകം രാജ്യത്ത് 6.5ലക്ഷം യൂണിറ്റുകൾ വിറ്റ ടിവിഎസ് ഐക്യൂബ് രാജ്യത്തെ ഏറ്റവും മികച്ച ഇവി സ്കൂട്ടറെന്ന സ്ഥാനം ഉറപ്പിച്ചു. നോയിസുമായുള്ള ഈ പുതിയ പങ്കാളിത്തം ഉപഭോക്താക്കൾക്ക് വാഹനവുമായി കൂടുതൽ സുഗമവും സുരക്ഷിതവുമായ ബന്ധം സ്ഥാപിക്കാൻ വഴിയൊരുക്കും. സമാർട്ട് വാച്ചുകളുടെ ദൈനംദിന ഉപയോഗങ്ങൾക്ക് പുറമെ ഇത്തരത്തിലൊരു നൂതന സംവിധാനം കൊണ്ടുവന്നതിലൂടെ ടിവിഎസ് ഐക്യൂബും നോയിസും പുതിയൊരു മാറ്റത്തിനാണ് തുടക്കമിടുന്നത്.

നിലവിൽ ടിവിഎസ് ഐക്യൂബിന്റെ ഔദ്യോഗിക വെബ്സൈറ്റിലൂടെ മാത്രമാണ് ടിവിഎസ് ഐക്യൂബ് നോയിസ് സ്മാർട്ട്വാച്ച് ലഭിക്കുക. 2,999 രൂപ മാത്രമാണ് പ്രാരംഭ വില. സ്മാർട്ട് വാച്ചിനൊപ്പം 12 മാസത്തെ സൗജന്യ നോയിസ് ഗോൾഡ് സബ്സ്ക്രിപ്ഷനും ലഭിക്കും.

## കെ ഫോൺ നെല്ലിയാമ്പതിയിലേക്കും

**പാലക്കാട്:** പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി മേഖലയിലും ഹൈസ്പീഡ് ഇന്റർനെറ്റ് സേവനമെത്തിക്കാൻ തയ്യാറെടുത്ത് കെ ഫോൺ. ഇതിനായി നെല്ലിയാമ്പതി കൊല്ലങ്കോട് ബാക്ക്ബോൺ ലിങ്ക് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു.

KFON INTERNET - A BASIC RIGHT

ഇന്റർനെറ്റ് കണക്ടിവിറ്റി സൗകര്യങ്ങൾ പരിമിതമായ പ്രദേശങ്ങളിലാണ് കെ ഫോൺ ബ്രോഡ്ബാൻഡ് കണക്ഷനുകളെത്തിക്കുവാൻ തയ്യാറെടുക്കുന്നത്. അടിസ്ഥാന സൗകര്യങ്ങളെല്ലാം അടിയന്തര പ്രാധാന്യം നൽകി പൂർത്തിയാക്കിക്കൊണ്ട് എത്രയും വേഗത്തിൽ ഉപഭോക്താക്കൾക്കായി സേവനങ്ങളുറപ്പാക്കുന്നതിനായുള്ള പ്രവർത്തനങ്ങളിലാണ് കെഫോൺ.

ആദ്യ ഘട്ടത്തിൽ, സർക്കാർ ഓഫീസുകൾ ഉൾപ്പെടെയുള്ള 17 ഇഎസ് കേന്ദ്രങ്ങൾക്കായിരിക്കും കെഫോൺ ഇന്റർനെറ്റ് സേവനം ലഭ്യമാക്കുക. തുടർന്ന് ഗാർഹിക, വാണിജ്യ ഉപഭോക്താക്കൾക്കും മറ്റ് സ്ഥാപനങ്ങൾക്കും കെഫോണിന്റെ അതിവേഗ ഇന്റർനെറ്റ് സേവനത്തിന്റെ ഗുണഭോക്താക്കളാകാം.

കേരളത്തിന്റെ ഡിജിറ്റൽ സ്വപ്നങ്ങൾ യാഥാർഥ്യമാക്കുന്നതിനുള്ള കെഫോണിന്റെ വലിയൊരു ചുവടുവയ്പ്പാണിത്. ഇന്റർനെറ്റ് സേവനങ്ങൾ വലിയ അവസരങ്ങളാണ് ഓരോ വ്യക്തിക്ക് മുന്നിലുമെത്തിക്കുന്നത്. സാമ്പത്തിക, സാമൂഹിക, ഭൂമിശാസ്ത്ര അസമത്വങ്ങളില്ലാതെ കേരളത്തിലൂടനീളം എല്ലാ ജനങ്ങൾക്കും കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള ഇന്റർനെറ്റ് ഉറപ്പാക്കുക എന്നതാണ് കെഫോണിന്റെ ലക്ഷ്യം. ആ ലക്ഷ്യത്തിലേക്ക് ഇനി അധികം ദൂരമില്ലെന്നും കെഫോൺ മാനേജിംഗ് ഡയറക്ടർ ഡോ. സന്തോഷ് ബാബു പറഞ്ഞു.

പുതിയ ഗാർഹിക കണക്ഷൻ എടുക്കാൻ എന്റെ കെ ഫോൺ എന്ന മൊബൈൽ ആപ്പിലൂടെയോ കെഫോൺ വെബ്സൈറ്റിലൂടെയോ രജിസ്റ്റർ ചെയ്യാം. 18005704466 എന്ന ടോൾഫ്രീ നമ്പർ വഴിയും കണക്ഷനായി രജിസ്റ്റർ ചെയ്യാം. കെ ഫോൺ പ്ലാനുകളെയും ഓഫറുകളേയും കുറിച്ച് കൂടുതൽ അറിയുവാൻ കെ ഫോൺ ഔദ്യോഗിക വെബ്സൈറ്റായ https://kfon.in/ ൽ സന്ദർശിക്കുകയോ 90616 04466 എന്ന വാട്സ്ആപ്പ് നമ്പരിൽ KFON Plans എന്ന് ടൈപ്പ് ചെയ്ത് മെസേജ് ചെയ്തോ കെഫോൺ പ്ലാനുകൾ അറിയാനാവും.

## ആക്സിസ് ക്രിസിൽഐബിഎക്സ് ഫിനാൻഷ്യൽ സർവ്വീസസ് ഡെറ്റ് ഇൻഡക്സ് ഫണ്ട് അവതരിപ്പിച്ചു

**കൊച്ചി:** ആക്സിസ് മ്യൂചൽ ഫണ്ട് ആക്സിസ് ക്രിസിൽഐബിഎക്സ് ഫിനാൻഷ്യൽ സർവ്വീസസ് 36 മന്ത്സ് ഡെറ്റ് ഇൻഡക്സ് ഫണ്ട് അവതരിപ്പിച്ചു. ഫണ്ട് എൻഎഫ്ഒ സെപ്റ്റംബർ 18 മുതൽ 23 വര നടക്കും.

5,000 രൂപയാണ് കുറഞ്ഞ നിക്ഷേപം. തുടർന്ന് ഓരോ രൂപയുടെ ഗുണിതങ്ങളായും നിക്ഷേപിക്കാം. കിസിൽഐബിഎക്സ് ഫിനാൻഷ്യൽ സർവ്വീസസ് 36 മന്ത്സ് ഡെറ്റ് സൂചികയെ പിന്തുടരുന്ന ഓപ്പൺ എൻഡഡ് പദ്ധതിയാണിത്.

# ഐസിഐസിഐ ബാങ്കിന്റെ ഫെസ്റ്റീവ് ബൊണാൻസ വീണ്ടുമെത്തുന്നു

**കൊച്ചി:** വൻകിട ബ്രാൻഡുകളുടെ ഓൺലൈൻ ഷോപ്പിങ്, മൊബൈലുകൾ, ഇലക്ട്രോണിക്സ്, ഫാഷൻ, യാത്ര, പലചരക്കുകൾ, ക്വിക് കോമേഴ്സ്, ഫർണീച്ചർ, ഡൈനിങ് തുടങ്ങി വിവിധ വിഭാഗങ്ങളിൽ ആകർഷകമായ നിരവധി ആനുകൂല്യങ്ങളുമായി ഐസിഐസിഐ ബാങ്കിന്റെ വാർഷിക ഫെസ്റ്റീവ് ബൊണാൻസ വീണ്ടുമെത്തുന്നു. ബാങ്കിന്റെ ഉപഭോക്താക്കൾക്ക് തങ്ങളുടെ ക്രെഡിറ്റ്/ ഡെബിറ്റ് കാർഡുകൾ ഉപയോഗിച്ച് 50,000 രൂപ വരെയുള്ള ഇളവുകളും ക്യാഷ്ബാക്കുകളും നേടാൻ ഇതു സഹായകമാകും. ഇന്റർനെറ്റ് ബാങ്കിങ്, കാർഡ് ഇല്ലാതെയുള്ള ഇഎംഐ, കൺസ്യൂമർ ഫിനാൻസ് തുടങ്ങിയവ വഴിയും ഈ ആനുകൂല്യങ്ങൾ കരസ്ഥമാക്കാം. ഇതിനു പുറമേ ക്രെഡിറ്റ്, ഡെബിറ്റ് കാർഡുകൾ ഉപയോഗിച്ച് ചെലവുകൾ ഇല്ലാത്ത ഇഎംഐ പ്രയോജനപ്പെടുത്താനും സാധിക്കും.

ആപ്പിൾ, ഫ്ളിപ്കാർട്ട്, ക്രോമ, റിലയൻസ് ഡിജിറ്റൽ, വൺപ്ലസ്, മെയ്ക്ക് മൈ ട്രിപ്പ്, ഗോയ്ബിബോ, യാത്ര, ബ്ലിങ്കിറ്റ്, സ്വിഗ്ഗി, അജിയോ, ഡിസ്ട്രിക്ട്, പെപ്പർഫ്രൈ തുടങ്ങി വിവിധ മുൻനിര ബ്രാൻഡുകളുമായാണ് ബാങ്ക് സഹകരിക്കുന്നത്. ഫ്ളിപ്കാർട്ടിന്റെ ബിഗ് ബില്യൺ ഡേയ്സുമായും സഹകരണമുണ്ട്. ഇതിലൂടെ ഉപഭോക്താക്കൾക്ക് പരമാവധി 4500 രൂപയെന്ന നിലയിൽ പത്തു ശതമാനം ഇളവാണ് വിവിധ ഉൽപന്നങ്ങൾക്കായി സെപ്റ്റംബർ 23 മുതൽ ഒക്ടോബർ രണ്ടു വരെ ലഭിക്കുക.

ആപ്പിൾ അംഗീകൃത സ്റ്റോറുകളിൽ ഐസിഐസിഐ ബാങ്ക് ക്രെഡിറ്റ് കാർഡുകൾ, ഡെബിറ്റ് കാർഡുകൾ വഴിയുള്ള ഇഎംഐ എന്നിവ ഉപയോഗിച്ചു നടത്തുന്ന വാങ്ങലുകളിൽ 6000 രൂപ വരെയുള്ള തൽക്ഷണ ക്യാഷ്ബാക്ക് ഉപഭോക്താക്കൾക്കു ലഭിക്കും. ഐ ഫോൺ ഫോർ ലൈഫ് പദ്ധതി' തെരഞ്ഞെടുക്കാനും ഉപഭോക്താക്കൾക്കു കഴിയും. ഏറ്റവും പുതിയ ഐഫോൺ 17ന്റെ വിലയുടെ 75 ശതമാനം ചെലവുകളില്ലാത്ത 24 ഇഎംഐകൾ വഴി അടച്ച് ഇതു പ്രയോജനപ്പെടുത്താനാവും. ഈ ആനുകൂല്യങ്ങൾക്കു പുറമേ വായ്പാ പദ്ധതികളിലും പ്രത്യേക ആനുകൂല്യങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.

മുൻനിര ബ്രാൻഡുകളിലായുള്ള വിപുലമായ ആനുകൂല്യങ്ങൾ, ഉപഭോക്താക്കളുടെ വളർന്നു വരുന്ന ആവശ്യങ്ങൾ നിറവേറ്റുന്ന വിധത്തിൽ രൂപകൽപന ചെയ്തിട്ടുള്ള ഇളവുകൾ തുടങ്ങിയവ ലഭ്യമാക്കുന്നതിൽ തങ്ങൾക്ക് സന്തോഷമുണ്ട്.

ക്രെഡിറ്റ്, ഡെബിറ്റ് കാർഡുകൾ, ഇന്റർനെറ്റ് ബാങ്കിങ്, കാർഡ് ഇല്ലാത്ത ഇഎംഐ, കൺസ്യൂമർ ഫിനാൻസ് തുടങ്ങിയവയിലൂടെ തങ്ങളുടെ ഉപഭോക്താക്കൾക്ക് ഇവ പ്രയോജനപ്പെടുത്താം. ക്രെഡിറ്റ്, ഡെബിറ്റ് കാർഡുകളിലൂടെ ചെലവുകളില്ലാത്ത ഇഎംഐ തെരഞ്ഞെടുക്കാനും ഉപഭോക്താക്കൾക്കു കഴിയുമെന്നും ഐസിഐസിഐ ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ രാകേഷ് ഝാ പറഞ്ഞു.

ഈ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് അടുത്തുള്ള ഐസിഐസിഐ ബാങ്ക് ബ്രാഞ്ചുമായി ബന്ധപ്പെടുക. നിബന്ധനകളും വ്യവസ്ഥകളും ബാധകം.

ഫെസ്റ്റീവ് ബൊണാൻസ ആനുകൂല്യങ്ങളെ കുറിച്ചു കൂടുതൽ അറിയുന്നതിനും പ്രയോജനപ്പെടുത്തുന്നതിനും httsp://www.icicibank.com/campaigns/bonanza/index.hmtl സന്ദർശിക്കുക.

## ഔദ്യോഗികഭാഷാ നിർവഹണത്തിനുള്ള പുരസ്കാരം എച്ച്എൽഎല്ലിന്

**കൊച്ചി / ഗാന്ധിനഗർ:** രാജ്യത്തെ ഔദ്യോഗിക ഭാഷയിൽ ഒന്നായ ഹിന്ദിയുടെ പ്രചാരണം സ്ഥാപനങ്ങളിൽ മികച്ച രീതിയിൽ നടപ്പാക്കിയതിന് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എച്ച്എൽഎൽ ലിമിറ്റഡിന് ടൗൺ ഒഫീഷ്യൽ ലാംഗ്വേജ് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയുടെ (ടിഒഎൽഐ) പുരസ്കാരം ലഭിച്ചു. ഗുജറാത്തിലെ ഗാന്ധിനഗറിൽ നടന്ന ചടങ്ങിൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയം ഔദ്യോഗിക ഭാഷ വിഭാഗം സെക്രട്ടറി ഡോ. അൻസുലി ആര്യയിൽ നിന്നും എച്ച്എൽഎൽ ലിമിറ്റഡിന്റെ സിഎംഡി അനിത തമ്പിയ്ക്ക് വേണ്ടി, സീനിയർ മാനേജർ ഡോ. സുരേഷ് കുമാർ ആർ പുരസ്കാരം ഏറ്റുവാങ്ങി.

## അറ്റ്ലാന്റ ഇലക്ട്രിക്കൽസ് ലിമിറ്റഡ് ഐപിഒ സെപ്തംബർ 22 മുതൽ

**കൊച്ചി:** അറ്റ്ലാന്റ ഇലക്ട്രിക്കൽസ് ലിമിറ്റഡിന്റെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) 2025 സെപ്തംബർ 22 മുതൽ 24 വരെ നടക്കും. ഐപിഒയിലൂടെ 687 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിടുന്നത്. 400 കോടി രൂപയുടെ പുതിയ ഓഹരികളും പ്രമോട്ടർമാരുടെയും നിലവിലുള്ള നിക്ഷേപകരുടെയും 287 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

രണ്ട് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 718 രൂപ മുതൽ 754 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 19 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 19 ന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. മോത്തിലാൽ ഓസ്വാൾ ഇൻവെസ്റ്റ്മെന്റ് അഡ്വൈസേഴ്സ് ലിമിറ്റഡ്, ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# ഉൽപ്പന്നങ്ങൾ ഒരു കുടക്കീഴിൽ: യൂണിറ്റി മാൾ ഉദ്ഘാടനം ഫെബ്രുവരിയിൽ

**തിരുവനന്തപുരം:** പരമ്പരാഗത ഉൽപ്പന്നങ്ങളെയും പ്രാദേശിക കരകൗശല വിദഗ്ധരെയും പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പദ്ധതിയായ യൂണിറ്റി മാളിന്റെ ഉദ്ഘാടനം 2026 ഫെബ്രുവരിയിൽ നടക്കും. എം.എസ്.എം.ഇ.കളെ സഹായിക്കുന്നതിനായി രൂപകൽപ്പന ചെയ്യുന്ന യൂണിറ്റി മാളിന്റെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. ഏകദേശം 62 ശതമാനം വർക്കുകൾ പൂർത്തിയായി.

തിരുവനന്തപുരത്ത് പള്ളിപ്പുറത്ത് രണ്ടര ഏക്കർ സ്ഥലത്ത് 1.9 ലക്ഷം ചതുരശ്ര അടിയിലാണ് മാളിന്റെ നിർമ്മാണം പുരോഗമിക്കുന്നത്. 120 കോടിയാണ് പദ്ധതി ചെലവ്. ഊരാളുങ്കൽ ലേബർ സർവ്വീസ് സൊസൈറ്റിക്കാണ് നിർമ്മാണ ചുമതല. സംസ്ഥാനത്തെ പ്രദേശിക ഉൽപ്പന്നങ്ങൾക്ക് മികച്ച വിപണി കണ്ടെത്താനും ടൂറിസം മേഖലയുടെ വളർച്ചയ്ക്കും ഇത് പ്രയോജനപ്രദമാകും. ഒരു ജില്ല ഒരു ഉൽപ്പന്നം, ജിയോഗ്രാഫിക്കൽ ഇൻഡിക്കേഷൻ ഉൽപ്പന്നം എന്നിവയുടെ പ്രോത്സാഹനമാണ് പദ്ധതിയുടെ ലക്ഷ്യം.

50 സ്റ്റാളുകൾ മാളിൽ സജ്ജീകരിക്കും. കേരളത്തിലെ 14 ജില്ലകളുടേയും ഒ.ഡി.ഒ.പി (ഒരു ജില്ല ഒരു ഉൽപ്പന്നം), ജി.ഐ ഉൽപ്പന്നങ്ങൾ എന്നിവ പ്രദർശിപ്പിക്കാനും മാളിൽ സ്റ്റാളുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

ആംഫി തിയേറ്റർ, വിശാലമായ റീട്ടെയിൽ ഔട്ട്ലെറ്റുകൾ, എക്സിബിഷൻ ഏരിയ, 10,000 പേർക്ക് ഇരിക്കാവുന്ന ഫുഡ് കോർട്ട്, 380 പേർക്ക് ഇരിക്കാവുന്ന രണ്ട് മൾട്ടിപ്ലക്സ് തിയേറ്ററുകൾ, അംഗപരിമിതർക്കുള്ള പ്രത്യേക സൗകര്യങ്ങൾ, രണ്ട് ഇവന്റ് സോണുകൾ, ഗെയിം സോണുകൾ, 200 കാറുകൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യം എന്നീ അതിവിശാലമായ സജ്ജീകരണങ്ങൾ യൂണിറ്റി മാളിൽ ഒരുക്കും.

രാജ്യത്തെ 28 സംസ്ഥാനങ്ങൾക്കും എട്ട് കേന്ദ്രഭരണ പ്രദേശങ്ങൾക്കുമായി ഒരു ജില്ല ഒരു ഉൽപ്പന്നം പ്രദർശിപ്പിക്കാൻ അവസരം ഉണ്ടാകും. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പദ്ധതിയിൽ ഏറ്റവും വേഗത്തിൽ മുന്നോട്ടുപോകുന്നത് കേരളമാണ്

# ടേൺ ഗ്രൂപ്പ് 24 മില്യൺ ഡോളർ സമാഹരിച്ചു

**കൊച്ചി:** ഇന്ത്യയിലെ ആയിരക്കണക്കിന് നേഴ്സുമാർക്കും കെയർ വർക്കർമാർക്കും ആഗോള തൊഴിൽ ജീവിതം എന്ന സ്വപ്നം യാഥാർഥ്യമാക്കാനുള്ള ടേൺ ഗ്രൂപ്പ് എന്ന ആഗോള തലത്തിലെ ഏറ്റവും ശ്രദ്ധേയമായ എഐ പ്ലാറ്റ്ഫോമിന്റെ പരിശ്രമത്തിൽ നിർണായക ചുവടുവയ്പ്പ്. ഇന്ത്യയെ ലോകത്തിന്റെ നൈപുണ്യ തലസ്ഥാനമാക്കുകയെന്ന ലക്ഷ്യത്തിനായി യുകെ ആസ്ഥാനമായ ടേൺ ഗ്രൂപ്പ് കമ്പനി 24 മില്യൺ ഡോളറിന്റെ സീരീസ് എ ഫണ്ടിംഗ് സമാഹരിച്ചു. യുകെയിലെ നോഷൻ ക്യാപിറ്റലിന്റെ നേതൃത്വത്തിൽ, ആർടിപി ഗ്ലോബൽ, ലോക്കൽഗ്ലോബ്, ഇക്യു2 വെഞ്ചേഴ്സ്, ലിയോ ക്യാപിറ്റൽ എന്നിവയും നിലവിലെ നിക്ഷേപകരായ പ്രീസൈറ്റ്, ഡിഎസ്ടി ഗ്ലോബലിന്റെ സഹസ്ഥാപകൻ ടോം സ്റ്റാഫോർഡ്, മുൻ എൻഎച്ച്എസ് ചെയർമാൻ, എഎക്സ്എ ഹെൽത്ത്കെയർ സിഇഒ, ഉന്നത നയരൂപീകരണ വിദഗ്ധർ എന്നിവരും ഈ ഫണ്ടിംഗിൽ പങ്കാളികളായി. ഇതോടെ ടേൺ ഗ്രൂപ്പിന്റെ മൊത്തം ഫണ്ടിംഗ് 33 മില്യൺ ഡോളറായി ഉയർന്നു. ഐഐടി ബോംബെ പൂർവവിദ്യാർത്ഥികളും യൂർബൻ കമ്പനിയിലും കാർസ്24ലും മുൻ മുതിർന്ന എക്സിക്യൂട്ടീവുകളുമായ രണ്ടാം തവണ സംരംഭകരാണ് ടേൺ ഗ്രൂപ്പിന് പിന്നിൽ. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ കമ്പനി 10 മടങ്ങ് വളർച്ച കൈവരിച്ച് 200 കോടി രൂപയുടെ വാർഷിക വരുമാനത്തോടടുത്ത് 13 രാജ്യങ്ങളിൽ പ്രവർത്തനം വ്യാപിപ്പിച്ചിട്ടുണ്ട്.

## അഡ്വാൻസ്ഡ് സോഫ്റ്റ് ടിഷ്യൂ റോബോട്ടിക് സിസ്റ്റം അവതരിപ്പിച്ച് മെറിൽ

**കൊച്ചി:** ഇന്ത്യയിലെ മുൻനിര മെഡിക്കൽ ഉപകരണ കമ്പനികളിലൊന്നായ മെറിൽ സോഫ്റ്റ് ടിഷ്യു സർജിക്കൽ റോബോട്ടിക് സിസ്റ്റമായ മിസോ എൻഡോ 4000 പുറത്തിറക്കി. ശസ്ത്രക്രിയയുടെ കൃത്യത പുനർനിർവചിക്കുന്നതാണ് ഈ പുതിയ കണ്ടുപിടുത്തമെന്ന് മെറിൽ സിഇഒ വിവേക് ഷാ പറഞ്ഞു.

ജനറൽ, ഗൈനക്കോളജി, യൂറോളജി, തൊറാസിക്, കൊളോറെക്ടൽ, ബാരിയാട്രിക്, ഹെപ്പറ്റോബിലിയറി, ഇഎൻടി, ഗ്യാസ്ട്രോഇന്റസ്റ്റൈനൽ, ഓങ്കോളജി സ്പെഷ്യാലിറ്റികൾ എന്നിവയിലുടനീളം നടപടിക്രമങ്ങളെ പിന്തുണയ്ക്കുന്നതിനായി രൂപകൽപ്പന ചെയ്തിട്ടുള്ള വൈവിധ്യമാർന്നതും ഭാവിക്ക് തയ്യാറായതുമായ ഒരു പ്ലാറ്റ്ഫോമാണ് മിസോ എൻഡോ 4000. എഐയിൽ പ്രവർത്തിക്കുന്ന 3ഡി അനാട്ടമിക്കൽ മാപ്പിംഗ്, ഒരു ഓപ്പൺ കൺസോൾ ഡിസൈൻ, 5ജിവഴി സാധ്യമാക്കിയ ടെലിസർജറി കഴിവുകൾ എന്നിവയാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ.

അൾട്രാ ഫാസ്റ്റ് കണക്റ്റിവിറ്റി, അഡ്വാൻസ്ഡ് റോബോട്ടിക്സ്, ഇമ്മേഴ്സീവ് ഇമേജിംഗ് എന്നിവയുടെ പിന്തുണയോടെ, ഇന്ത്യയിലെ ശസ്ത്രക്രിയാ വിദഗ്ധർക്ക് വിദൂരമായി, തത്സമയം സങ്കീർണ്ണമായ നടപടിക്രമങ്ങൾ നടത്താൻ കഴിയും.

ഇതുവഴി ലോകോത്തര വൈദഗ്ധ്യം ഏറ്റവും പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിലെ രോഗികളിലേക്ക് പോലും എത്തിച്ചേരാൻ കഴിയും. രോഗികൾക്ക് വേഗത്തിലുള്ള രോഗമുക്തിയും മികച്ച ഫലങ്ങളും നൽകുന്ന സുരക്ഷിതവും സങ്കീർണത കുറഞ്ഞ നടപടിക്രമങ്ങൾ നൽകുന്നതിനാണ് മിസോ എൻഡോ 4000 രൂപകൽപ്പന ചെയ്തിരിക്കുന്നതെന്നും വിവേക് ഷാ പറഞ്ഞു.

## കെട്ടിട നിർമ്മാണചെലവ് കുറയും: സിമന്റ് മാനുഫാക്ചേഴ്സ് അസോസിയേഷൻ

**കൊച്ചി :** സിമന്റിന്റെ ജിഎസ്ടി 28 ശതമാനത്തിൽ നിന്നും 18 ശതമാനമായി കുറച്ച കേന്ദ്രസർക്കാർ നടപടി കെട്ടിട നിർമ്മാണ മേഖലയ്ക്ക് പുത്തൻ ഉണർവ്വ് സമ്മാനിക്കുമെന്ന് സൗത്ത് ഇൻഡ്യൻ സിമന്റ് മാനുഫാക്ചേഴ്സ് അസോസിയേഷൻ (എസ്.ഐ.സി.എം.എ) ചീഫ് എക്സിക്യൂട്ടീവ് ഓഫിസർ ഐ. ഗോപിനാഥ് വാർത്താകുറിപ്പിൽ വ്യക്തമാക്കി. സിമന്റ് വിലയിൽ കുറവ് വരുന്നതോടെ വീട്, കെട്ടിട നിർമ്മാണങ്ങൾക്കുള്ള ചെലവ് കുറയുമെന്നു മാത്രമല്ല, അടിസ്ഥാന സൗകര്യവികസനത്തിനും വ്യവസായ മേഖലയുടെ പുതിയ കുതിപ്പിനും പുതിയ ഊർജ്ജമാകുമെന്നും ഐ. ഗോപിനാഥ് വ്യക്തമാക്കി.

## വനിതകൾക്ക് ത്രിദിന തൊഴിൽ പരിശീലനം

**കൊച്ചി:** ഇസാഫ് ഫൗണ്ടേഷനും കേന്ദ്ര സർക്കാർ സ്ഥാപനമായ ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷനും ചേർന്ന് വനിതകൾക്ക് കറി മസാലകൾ തയ്യാറാക്കുന്നതിൽ ഈ മാസം 24, 25, 26 തീയതികളിൽ പരിശീലനം നൽകുന്നു. ആലുവ ഗവ. ഹോസ്പിറ്റലിനു സമീപമുള്ള ഇസാഫ് ഫൗണ്ടേഷൻ പരിശീലന കേന്ദ്രത്തിലാണ് ക്ലാസുകൾ. വിവരങ്ങൾക്ക് വിളിക്കുക, ഫോൺ: 9072600771

# ആദ്യ പിജിഡിഎം ബാച്ചിന്റെ പ്രവേശനോൽസവവുമായി മുത്തൂറ്റ് ബിസിനസ് സ്കൂൾ

**കൊച്ചി:** മുത്തൂറ്റ് ഫിനാൻസിന്റെ സിഎസ്ആർ പ്രവർത്തനങ്ങളുടെ ഭാഗമായി ആരംഭിച്ച മുത്തൂറ്റ് ബിസിനസ്സ് സ്കൂളിന്റെ ആദ്യ പിജിഡിഎം ബാച്ചിന്റെ പ്രവേശനോത്സവം നടന്നു. ഈ വർഷം ആദ്യം ഡോ. ശശി തരൂർ ഉദ്ഘാടനം ചെയ്ത സ്കൂളിൽ റഷ്യയിൽ നിന്നുള്ള ഏഴ് വിദ്യാർഥികൾ ഉൾപ്പെടെ 24 വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകി. മെറിറ്റ് അടിസ്ഥാനമാക്കി പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് ആഗോള നിലവാരത്തിലുള്ള അക്കാദമിക് വൈവിധ്യത്തിലും തുടക്കം മുതൽ പ്രാധാന്യം നൽകിയിരുന്നു.

അഡ്മിഷന്റെ ഭാഗമായി വിദ്യാർത്ഥികൾ പ്രീ-പിജിഡിഎം ഇന്റേൺഷിപ്പുകൾ പൂർത്തിയാക്കി. അവർക്ക് മുത്തൂറ്റ് ഗ്രൂപ്പിനുള്ളിൽ നിരവധി പ്രീ- പ്ലേസ്മെന്റ് ഓഫറുകൾ ലഭിച്ചു. ഉദ്ഘാടന വേളയിൽ വിദ്യാർത്ഥികൾ അവരുടെ ഇന്റേൺഷിപ്പ് അനുഭവങ്ങൾ പങ്കുവെക്കുകയും മികച്ചഇന്റേൺഷിപ്പിനുള്ള അവാർഡുകൾ നേടുകയും ചെയ്തു. മുത്തൂറ്റ് ബിസിനസ് സ്കൂളിലൂടെ സമൂഹത്തിന് സംഭാവന നൽകുന്ന, തിരഞ്ഞെടുത്ത മേഖലകളിൽ മികവ് പുലർത്തുന്ന പ്രൊഫഷണലുകളുടെ തലമുറയെ വളർത്തിയെടുക്കുക എന്നതാണ് എംബിഎസിന്റെ ലക്ഷ്യമെന്നു മുത്തൂറ്റ് ഗ്രൂപ്പ് ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ ജോർജ് മുത്തൂറ്റ് ജോർജ് പറഞ്ഞു. ആദ്യ ബാച്ചിൽ തന്നെ വിദേശ വിദ്യാർത്ഥികളെയും മെറിറ്റ് അടിസ്ഥാനമാക്കി നടത്തിയ പ്രവേശനത്തെയും ഒരുമിച്ച് കൊണ്ടുവരുന്നത് പ്രോത്സാഹജനകമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

മുത്തൂറ്റ് ഗ്രൂപ്പ് ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ ജോർജ് മുത്തൂറ്റ് ജേക്കബ് ഇന്റേൺഷിപ്പ് പൂർത്തിയാക്കിയ വിദ്യാർത്ഥികളെ അഭിനന്ദിച്ചു. മുത്തൂറ്റ് ഫിനാൻസിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറും സിഒഒയുമായ ബിജിമോൻ പ്രായോഗിക പഠനത്തിന്റെയും സംരംഭകത്വത്തിന്റെയും പ്രാധാന്യം എടുത്തുപറഞ്ഞു.

ആദ്യത്തെ പിജിഡിഎം ബാച്ചിന്റെ ആരംഭത്തോടെ ഇൻഡസ്ട്രിയിലുള്ള പരിചയം മാനേജ്മെന്റ് വിദ്യാഭ്യാസവുമായി സംയോജിപ്പിക്കുന്നതിന് മുത്തൂറ്റ് ബിസിനസ് സ്കൂൾ തുടക്കംകുറിച്ചു. മുത്തൂറ്റ് ഫിനാൻസിന്റെ സിഎസ്ആർ നിക്ഷേപത്തിന്റെ ഏകദേശം 65 ശതമാനവും വിദ്യാഭ്യാസത്തിനാണ് മാറ്റിവച്ചിരിക്കുന്നത്. വിദ്യാഭ്യാസത്തോടുള്ള ശക്തമായ പ്രതിബദ്ധതയാണ് ഈ സംരംഭം പ്രതിഫലിപ്പിക്കുന്നത്.




# സ്രാവ് പിടിത്തം: മത്സ്യത്തൊഴിലാളികളുടെ ആശങ്കകൾ പരിഹരിക്കുന്നതിന് സിഎംഎഫ്ആർഐ പഠന സമിതി രൂപീകരിക്കും

**കൊച്ചി:** ഇന്ത്യയിൽ സ്രാവ് പിടിത്തവും വ്യാപാരവുമായി ബന്ധപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ആശങ്കകൾ പരിഹരിക്കുന്നതിന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) പഠന സമിതി രൂപീകരിക്കും. വന്യജീവി സംരക്ഷണ നിയമത്തിലെ ഭേദഗതിയെ തുടർന്ന് വിവിധയിനം സ്രാവ്,തിരണ്ടിയിനങ്ങളുടെ മത്സ്യബന്ധനം, വ്യാപാരം, കയറ്റുമതി എന്നിവയിൽ നിയന്ത്രണമുണ്ട്. അവ അപ്രതീക്ഷിതമായി മീൻപിടുത്ത വലകളിൽ കുടുങ്ങുന്നത് ഉൾപ്പെടെ മത്സ്യത്തൊഴിലാളികളുടെ ആശങ്കകൾ പരിഹരിക്കുന്നതിനും അവരുടെ ഉപജീവനം സംരക്ഷിക്കുന്നതിനുമായി പഠനം നടത്തുന്നതിനാണ് സമിതി.

മത്സ്യത്തൊഴിലാളികളുടെ പ്രശ്നത്തിന് ശാസ്ത്രീയമായ പരിഹാരം കാണുന്നതിന് കമ്മിറ്റി പഠനം നത്തുമെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു.

സിഎംഎഫ്ആർഐ നടത്തിയ സ്രാവ്, തിരണ്ടി സംരക്ഷണവും മത്സ്യത്തൊഴിലാളി ഉപജീവനമാർഗ്ഗവും എന്ന വിഷയത്തിൽ നടന്ന പങ്കാളിത്ത ശിൽപശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ശിൽപശാലയിൽ നടന്ന ചർച്ചയിൽ, ജൈവവൈവിധ്യ സംരക്ഷണവും തീരദേശ സമൂഹങ്ങളുടെ ഉപജീവന സുരക്ഷയും ഉറപ്പാക്കുന്ന രീതിയിൽ സന്തുലിതവും പ്രായോഗികവുമായി സമീപനമാണ് ഇക്കാര്യത്തിൽ വേണ്ടതെന്ന് സിഎംഎഫ്ആർഐ നിർദേശിച്ചു.

മത്സ്യബന്ധനം ദശലക്ഷക്കണക്കിന് തീരദേശ കുടുംബങ്ങളുടെ ജീവനാഡിയാണ്. കരയിൽ നിന്ന് വ്യത്യസ്തമായി, വല വലിച്ചെടുക്കുന്നതുവരെ അനധികൃത മീൻപിടിത്തം പ്രവചിക്കാനോ നിയന്ത്രിക്കാനോ കഴിയില്ല. സംരക്ഷിത ജീവികളെ ആകസ്മികമായി പിടികൂടുന്നതിനുള്ള കർശനമായ ശിക്ഷാ നടപടി പലപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിക്കാറുണ്ട്.

തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിൽ വന്യജീവി സംരക്ഷണ നിയമത്തിൽ പട്ടിക നാലിൽ ഉൾപ്പെട്ട സ്രാവിനെ പിടിച്ചതുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികൾക്കിടയിലും എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്കിടയിലും ആശയക്കുഴപ്പമുണ്ടായി. ഇവയുടെ കയറ്റുമതിയിലാണ് നിയന്ത്രണമുള്ളത്. പിടിക്കുന്നതിനും ആഭ്യന്തര വ്യാപാരത്തിനും നിയന്ത്രണമില്ല. എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകൽ, മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തത്തോടെയുള്ള നിരീക്ഷണം, മീൻപിടിത്തത്തിലെ സ്വയം നിയന്ത്രണം, പങ്കാളിത്ത സംരക്ഷണപദ്ധതികൾ, സ്ഥിരമായ ശാസ്ത്രീയ വിലിയിരുത്തൽ, കയറ്റുമതിക്ക് ആവശ്യമായ ശാസ്ത്രാധിഷ്ഠിത കണ്ടെത്തലുകൾ (നോൺ ഡെട്രിമെന്റൽ ഫൈൻഡിംഗ്) തയ്യാറാക്കൽ എന്നിവ നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന് ആവശ്യമാണെന്ന് സിഎംഎഫ്ആർഐ നിർദേശിച്ചു.

മത്സ്യത്തൊഴിലാളികൾ, എൻഫോഴ്സ്മെന്റ് ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ, സിഎംഎഫ്ആർഐയിലെ ശാസ്ത്രജ്ഞർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

സിഎംഎഫ്ആർഐയിലെ ഫിൻഫിഷ് ഫിഷറീസ് വിഭാഗം മേധാവി ഡോ ശോഭ ജോ കിഴക്കൂടൻ, കസ്റ്റംസ് ഡെപ്യൂട്ടി കമ്മീഷണർ ആർ. അനിൽ രാജ്, ലോങ്ലൈൻ ആൻഡ് ഗിൽനെറ്റ് അസോസിയേഷൻ പ്രസിഡന്റ് എ.എം നൗഷാദ്, സെക്രട്ടറി എം. മജീദ് എന്നിവർ സംസാരിച്ചു.

# രാജ്യമെമ്പാടുമുള്ള ഓട്ടോമൊബൈൽ മെക്കാനിക്കുകൾക്ക് ആദരമർപ്പിച്ച് ബിപിസിഎൽ



**കൊച്ചി:** ഇന്ത്യൻ നിരത്തുകളിൽ കുതിച്ചോടുന്ന വാഹനങ്ങളുടെ യാത്ര സുഗമമാക്കാൻ അഹോരാത്രം പണിയെടുക്കുന്ന രാജ്യമെമ്പാടുമുള്ള ഓട്ടോമൊബൈൽ മെക്കാനിക്കുകൾക്ക് ആദരമർപ്പിച്ച് ഭാരത് പെട്രോളിയം കോർപറേഷൻ ലിമിറ്റഡ് (ബിപിസിഎൽ) റേഡിയോ ക്യാംപയിൻ സംഘടിപ്പിച്ചു. വാഹനങ്ങളിൽ യഥാസമയത്ത് അറ്റകുറ്റപണികൾ നടത്തി, ഇന്ത്യൻ നിരത്തുകളെ സജീവമാക്കുന്നതിൽ മെക്കാനിക്കുകൾ വഹിക്കുന്ന പങ്കിനുള്ള നന്ദി സൂചകമായാണ് ക്യാംപയിൻ. ബിപിസിഎല്ലിന്റെ ബ്രാൻഡായ എംഎകെ ലൂബ്രിക്കന്റുമായി സഹകരിച്ചാണ് രാജ്യവ്യാപക റേഡിയോ പ്രോഗ്രാം അവതരിപ്പിച്ചത്.

എംഎകെ ലൂബ്രിക്കന്റിന്റെ ബ്രാൻഡ് അംബാസഡറും മുൻ ഇന്ത്യൻ ക്രിക്കറ്റ് താരവുമായ രാഹുൽ ദ്രാവിഡിന്റെ ശബ്ദത്തിൽ രാജ്യത്തെ 13 ഭാഷകളിൽ പുറത്തിറങ്ങുന്ന കൃതജ്ഞതാ സന്ദേശം ഒരു മാസം വിവിധ റേഡിയോ സ്റ്റേഷനുകൾ വഴി പ്രക്ഷേപണം ചെയ്യും. സുഗമവും സുരക്ഷിതവുമായ യാത്രക്ക് മെക്കാനിക്കുകൾക്ക് നന്ദിയെന്ന ഈ ക്യാംപയിനിലൂടെ ആയിരക്കണക്കിന് മെക്കാനിക്കുകൾ അവരുടെ ജീവിതാനുഭവങ്ങൾ തുറന്നുപറയും. പ്രമുഖ റേഡിയോ ജോക്കികൾ മെക്കാനിക്കുകളെ ഉൾപ്പെടുത്തി റേഡിയോ ഷോകളും നടത്തും. 5000ലധികം മെക്കാനിക്കുകളെയാണ് റേഡിയോ സ്റ്റേഷൻ സന്ദർശിക്കാൻ ക്ഷണിച്ചിട്ടുള്ളത്. കേവലം നന്ദി പ്രകടനത്തിനുപരി, ഇന്ത്യൻ നിരത്തുകൾ വാഹനങ്ങൾകൊണ്ട് സജീവമാക്കുന്നതിൽ മെക്കാനിക്കുകൾക്കുള്ള പങ്കിനെ ആഘോഷിക്കുകയാണ് ക്യാംപയിനിലൂടെ ചെയ്യുന്നതെന്ന് ബിപിസിഎൽ ബിസിനസ് ഹെഡ് (ലൂബ്സ്) എസ്. കണ്ണൻ പറഞ്ഞു.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com